


# അക്കാദമിക മാസ്റ്റർ പ്ലാൻ

പരിയാരം.പി.ഒ.,
കൽപ്പറ്റ നോർത്ത്,
വയനാട് -673122.
email : ghspariyaram@gmail.com

phone: 04936-202622

# 2025-26

# നൂറ്റാണ്ടിന്റെ
# തിളക്കം



# കല്പറ്റയിലെ എഴുത്തമ്മ വിദ്യാലയത്തിൽ നിന്നും പരിയാരം ഗവ.ഹൈസ്കൂളിലേക്ക്...

കല്പറ്റയിലെ എഴുത്തമ്മ വിദ്യാലയമായിട്ടായിരുന്നു പരിയാരം ഗവ.ഹൈസ്കൂളിന്റെ തുടക്കം. 1923 ന മുമ്പ് പരിയാരം നിവാസികൾക്ക് അക്ഷരജ്ഞാനം ലഭിച്ചിരുന്നത്. 1921-ൽ മലബാർ ഡിസ്ട്രിക് ബോർഡിന്റെ അംഗീകാരം ലഭിച്ച പ്രവർത്തനം ആരംഭിച്ചതാണ് ഈ വിദ്യാലയം.1928-ൽ പരേതനായ പത്മപ്രഭ ഗൗഡറുടെ നെല്ലറയുടെ ചരിവിലും തുടർന്ന് ചിലഞ്ഞിച്ചാലിലെ ടി.എസ്. മൈനാമുഹമ്മദ് റാവുത്തറുടെ അറപ്പുരയിലും ഒന്നേകാൽ രൂപ പ്രതിമാസ വാടകയ്ക്ക് ലഭ്യമായ കെട്ടിട സൗകര്യത്തിലാണ് ഈ വിദ്യാലയം പ്രവർത്തനമാരംഭിച്ചത്. ബോർഡ് അംഗീകാരത്തോടെ ചിലഞ്ഞിച്ചാൽ പുലവർ മുഹമ്മദ് ഖാസിം റാവുത്തറുടെ കെട്ടിടത്തിൽ അഞ്ചുരൂപ വാടകയ്ക്ക് രണ്ടു വർഷം ഈ വിദ്യാലയം പ്രവർത്തിച്ചു.

1957-ൽ അന്നത്തെ കേരള വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. ജോസഫ് മുണ്ടശ്ശേരി ഈ വിദ്യാലയത്തെ അപ്പർ പ്രൈമറി വിദ്യാലയമായി ഉയർത്തി. മലബാർ ഡിസ്ട്രിക്ക് ബോർഡ് പ്രസിഡന്റ് ശ്രീ. പി.ടി. ഭാസ്കരപണിക്കരുടെയും പ്രസിഡന്റ് ജനാ.ഹസ്സൻകുട്ടി സാഹിബിന്റെയും ഈ പ്രദേശത്തെ സാമൂഹിക-സാംസ്കാരിക രാഷ്ട്രീയപ്രവർത്തകരുടെയും രാപകൽ വ്യത്യാസമില്ലാത്ത അദ്ധ്വാനമാണ് ഈ വിദ്യാലയത്തിന്റെ വളർച്ചയിൽ പ്രധാനപ്പെട്ടത്. 1961- മുതൽ 1970 വരെ പരിയാരം മുക്കിൽ ജമാഅത്ത് വക കെട്ടിടത്തിൽ 100 രൂപ വാടകയ്ക്ക് പ്രവർത്തിക്കുകയും പിന്നീട് സ്ഥലപരിമിതി കാരണം നാട്ടുകാരിൽ നിന്ന് തുക പിരിച്ചെടുത്ത് 20 സെന്റ് സ്ഥലം വിദ്യാലയത്തിന് വേണ്ടി വാങ്ങുകയും കെട്ടിട നിർമ്മാണം നടത്തുകയും ചെയ്തു. അഞ്ചുമുറികളുള്ള ഒരു കെട്ടിടം അന്ന് സർക്കാരിൽ നിന്നും ലഭിച്ചു. 14 ക്ലാസ്സുകൾ പ്രവർത്തിപ്പിക്കാൻ വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്.

# വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ

1. കുട്ടികളുടെ ഹാജരില്ലായ്മയും ക്രമരഹിത ഹാജരും
2. പഠനപ്രവർത്തനങ്ങളിൽ താത്പര്യമില്ലായ്മ
3. ഗോത്രവിഭാഗം കുട്ടികൾ അനുഭവിക്കുന്ന ഭാഷാപരമായ പ്രശ്നങ്ങൾ( മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ ഉപയോഗിക്കുന്നതിന്)
4. ഓരോ ക്ലാസ്സിന്റെയും നിലവാരത്തിനനുസരിച്ച് ഭാഷാശേഷികൾ ആർജിക്കാത്ത അവസ്ഥ
5. സാമൂഹ്യജീവിതത്തിന് അവശ്യം വേണ്ട പെരുമാറ്റരീതികളുടെ/ശീലങ്ങളുടെ വികാസക്കുറവ്
6. ഓരോ വിഷയത്തിനും ക്ലാസ്സ് നിലവാരത്തിനനുസരിച്ചുള്ള ശേഷികൾ എല്ലാ കുട്ടികളും നേടാത്ത അവസ്ഥ
7. പ്രാദേശികസാധ്യതകൾ പഠനപ്രവർത്തനങ്ങൾക്ക് പൂർണമായും ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥ
8. പ്രദേശത്തെ മുഴുവൻ വിദ്യാർത്ഥികളും വിദ്യാലയത്തിലേക്ക് ആകർഷിക്കപ്പെടാത്ത അവസ്ഥ
9. ഭിന്നനിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള ക്ലാസ്സ്റൂം പ്രവർത്തനങ്ങളുടെ കുറവ്
10. വിവരസാങ്കേതികവിദ്യയുടെ പരമാവധി സാധ്യതകൾ പഠനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ
11. പഠനം കുട്ടികൾക്ക് ആസ്വാദ്യകരമാകുന്ന അവസരങ്ങളുടെ കുറവ്
12. ഓരോ വിഷയത്തിനും കുട്ടികൾക്ക താൽപ്പര്യമുണ്ടാക്കാവുന്ന പഠനോപകരണങ്ങൾ ഉപയോഗിക്കുന്നതിലെ കുറവ്
13. കുട്ടികളനുഭവിക്കുന്ന ആരോഗ്യ പ്രശ്നങ്ങളും അവ മൂലമുണ്ടാകുന്ന ക്രമരഹിത ഹാജരും പഠനപിന്നാക്കാവസ്ഥയും

# വിദ്യാലയദർശനം( OUR VISION)

***വിദ്യാലയം -***

"വീടിനെക്കാൾ സന്തോഷകരമായ ഇടം"

"കുട്ടികൾ വരാനിഷ്ടപ്പെടുന്ന ഇടം"

"ജനാധിപത്യബോധം വളർത്തുന്ന ഇടം"

"ക്യാമ്പസ് ഒരു പാഠപുസ്തകമാകുന്ന ഇടം"

"പ്രദേശത്തെ എല്ലാ കുട്ടികൾക്കും പഠിക്കാൻ അന്താരാഷ്ട്രനിലവാരത്തിലുള്ള പഠനസൗകര്യങ്ങൾ ലഭ്യമാകുന്ന ഇടം"

"വികസനത്തിന് ഗ്രാമവും വിദ്യാലയവും കൈകോർക്കുന്ന ഇടം"

"അധ്യാപകരും വിദ്യാർത്ഥികളും അവരുടെ പ്രവർത്തനങ്ങൾ താൽപര്യപൂർവ്വം നിർവ്വഹിക്കുന്ന ഇടം"

***ക്ലാസ്സ് മുറികൾ -***

"വിജ്ഞാനം നിർമിക്കപ്പെടുന്ന ഇടം"

"ജനാധിപത്യബോധം വളരുന്ന ഇടം"

"ജ്ഞാനനിർമിതിയിലൂന്നിയ കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്ന ഇടം"

"പ്രവർത്തനാധിഷ്ഠിത പഠനം നടക്കുന്ന ഇടം"

"ശിശുകേന്ദ്രീകൃത പഠനം നടക്കുന്ന ഇടം"

"ആധുനിക സാങ്കേതികവിദ്യ വിജ്ഞാനനിർമിതിക്കായി പ്രയോജനപ്പെടുത്തുന്ന ഇടം"

"മൂല്യങ്ങൾ, പെരുമാറ്റരീതികൾ എന്നിവ രൂപപ്പെടുന്ന ഇടം"

"കുട്ടികൾ വെല്ലുവിളി നിറഞ്ഞ പഠനപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ഇടം"

"ടാലന്റ് ലാബായി മാറ്റപ്പെടുന്ന ഇടം"

"നിർഭയവും സ്വതന്ത്രവുമായി കുട്ടികളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെടുന്ന ഇടം"

"Brainstorming നടത്തപ്പെടുന്ന ഇടം"

"പഠനപ്രവർത്തനങ്ങൾ കൂട്ടായി നിർവ്വഹിക്കപ്പെടുന്ന ഇടം"

***കുട്ടികൾ -***

"പ്രവർത്തിച്ച് പഠിക്കുന്നവർ"

"ഓരോ വിഷയത്തിലും ഉന്നതനിലവാരത്തിലുള്ള അറിവും അനുഭവവും ആർജിക്കേണ്ടവർ"

"വെല്ലുവിളികൾ ഏറ്റെടുക്കുന്നവർ"

"ജനാധിപത്യബോധത്തിന്റെ ഉടമകൾ"

"മാതൃകയാക്കാവുന്ന പെരുമാറ്റശീലങ്ങൾ ആർജിക്കേണ്ടവർ"

"അധ്യാപികയുടെ പഠനപിന്തുണ ഉപയോഗപ്പെടുത്തി വിജ്ഞാനം കൂട്ടായി ആർജിക്കുന്നവർ"

"ചലനാത്മക പ്രവർത്തനങ്ങളിലേർപ്പെടുന്നവർ"

"പഠനം ആസ്വാദ്യകരമാക്കുന്നവർ"

"ഉയർന്ന ഭാഷാശേഷി ആർജിക്കേണ്ടവർ ( മലയാളം, ഇംഗ്ലീഷ്, ഹിന്ദി)"

"ശാസ്ത്രബോധത്തിന്റെ ഉടമകളാകേണ്ടവർ"

"സാമൂഹികമൂല്യങ്ങളും ശീലങ്ങളും ചരിത്രബോധവും ആർജിക്കേണ്ടവർ"

"നിത്യജീവിതപ്രശ്നങ്ങൾ നേടിയ വിജ്ഞാനമുപയോഗിച്ച് പരിഹരിക്കേണ്ടവർ"

"തുടർപഠനത്തിനുള്ള വിജ്ഞാനവും ഉയർന്ന വിഷയധാരണയും സ്വായത്തമാക്കേണ്ടവർ"

***അധ്യാപകർ -***

"ഗവേഷണാത്മകമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നവർ"

"ക്ലാസ്സ്മുറിയെ വിജ്ഞാനനിർമിതിക്കുള്ള ഇടമാക്കി മാറ്റുന്നവർ"

"പഠനത്തിൽ പ്രാദേശികസാധ്യത ഉപയോഗപ്പെടുത്തുന്നവർ"

"കുട്ടിയുടെ പ്രകൃതം പരിഗണിച്ച് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നവർ"

"പ്രശ്നങ്ങൾ ഗവേഷണാത്മകമായി പഠിച്ച് പരിഹാരം കണ്ടെത്തുന്നവർ"

"സമയബന്ധിതമായും സർഗാത്മകമായും ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നവർ"

"ഓരോ കുട്ടിയുടെയും പ്രശ്നങ്ങൾ, നിലവാരം എന്നിവ തിരിച്ചറിഞ്ഞ് ഭിന്നനിലവാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നവർ"

# ലക്ഷ്യങ്ങൾ (OUR MISSION)

1. വിവിധ ക്ലാസ്സുകളിലെ നിലവാരത്തിനനുസരിച്ച് ഏറ്റവും ഉയർന്ന നിലവാരത്തിൽ മാതൃഭാഷയിൽ ആശയവിനിമയം നടത്തുന്നതിനും വിവിധ വ്യവഹാരരൂപങ്ങൾ ഉപയോഗിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ

2. ഇംഗ്ലീഷ് ഭാഷയിൽ അനായാസേന ആശയവിനിമയം നടത്തുന്നതിനും വിവിധ discourses ഓരോ ക്ലാസ്സിന്റെയും ഏറ്റവും ഉയർന്ന നിലവാരത്തിൽ ഉപയോഗിക്കുന്നതിനുമുള്ള കഴിവുണ്ടാക്കൽ

3. ഹിന്ദിയിൽ അനായാസേന ആശയവിനിമയം നടത്തൽ, ക്ലാസ്സുകൾക്കനുസരിച്ച് ഏറ്റവുമുയർന്ന നിലവാരത്തിൽ വ്യവഹാരരൂപങ്ങൾ ഉപയോഗിക്കാൻ പ്രാപ്തരാക്കൽ

4. ശാസ്ത്രപഠനത്തിലൂടെ നേടേണ്ട എല്ലാ പ്രക്രിയാശേഷികളും ശാസ്ത്രബോധവും ആർജിക്കാൻ കുട്ടിയെ പ്രാപ്തരാക്കൽ. പുതിയ വിജ്ഞാനനിർമിതിക്ക്/ കണ്ടെത്തലുകൾക്ക് കുട്ടിയെ പ്രാപ്തരാക്കൽ

5. ശേഖരിക്കപ്പെട്ട വിജ്ഞാനത്തെ അപഗ്രഥിക്കാനും നിലവിലുള്ള സമൂഹത്തെ വിലയിരുത്താനും ഭാവിയെ രൂപകൽപ്പന ചെയ്യാനും പ്രാപ്തരാകുന്ന വിധത്തിൽ ഓരോ ക്ലാസ്സിലെ കുട്ടികളെയും ഉയർന്ന സാമൂഹ്യശാസ്ത്രപഠനനിലവാരത്തിലെത്തിക്കൽ

6. അനുഭവം, ഭാഷ, ചിത്രം, ചിഹ്നം എന്നീ ക്രമത്തിൽ ഗണിതാശയങ്ങൾ സ്വായത്തമാക്കാനും ഓരോ ക്ലാസ്സിലെയും ഏറ്റവുമുയർന്ന നിലവാരത്തിൽ ശേഷികൾ ആർജിച്ച് നിത്യജീവിതസന്ദർഭങ്ങളിൽ ഗണിതാശയങ്ങൾ പ്രശ്നപരിഹരണത്തിനായി ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക

7. ചിട്ടയായ പരിശീലനങ്ങൾ, കളികൾ എന്നിവയിലൂടെ ഉയർന്ന ആത്മാഭിമാനവും കായികശേഷിയുമുള്ള കുട്ടികളെ വളർത്തിയെടുക്കൽ, ഉയർന്ന ശാരീരിക- മാനസിക ആരോഗ്യമുള്ള കുട്ടികളായി ഓരോ കുട്ടിയെയും മാറ്റിയെടുക്കൽ.

8. കുട്ടികളിലെ സർഗ്ഗാത്മകത പ്രയോജനപ്പെടുത്തി വിവിധ നിർമാണ പ്രവർത്തനങ്ങളിൽ നൈപുണ്യം വളർത്തൽ, സാമ്പത്തികനേട്ടങ്ങൾ ലഭിക്കും വിധം വിവിധ ഉൽപ്പന്നങ്ങൾ തയ്യാറാക്കാൻ അവരെ പ്രാപ്തരാക്കൽ

9. ഓരോ കുട്ടിയിലും വിവിധ കലാരൂപങ്ങളിലുള്ള കഴിവ് തിരിച്ചറിയാനും തങ്ങളുടേതായ ഒരു മേഖലയിലെങ്കിലും പ്രതിഭയായി കുട്ടിയെ മാറ്റാനും മികച്ച ആസ്വാദകരും വിമർശകരുമാകുന്നതരത്തിൽ കലാപഠനത്തിന്റെ വൈജ്ഞാനിക അടിത്തറ വികസിപ്പിക്കാനും ഉതകുന്ന മികച്ച പരിശീലനം നൽകൽ

10. മികച്ച അക്കാദമിക പ്രവർത്തനങ്ങൾ നടത്തുന്ന അയൽപക്കവിദ്യാലയമായി

സ്കൂളിനെ മാറ്റി , പ്രദേശത്തെ മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കൽ

11. പഠനപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കി മാറ്റി കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കൽ

12. മികച്ച ഗവേഷണാത്മക ബോധനതന്ത്രങ്ങൾ സൃഷ്ടിക്കൽ

13. പ്രവർത്തനാധിഷ്ഠിത പഠനത്തിലൂടെ ഓരോ വിഷയത്തിലും ഏറ്റവുമുയർന്ന നിലവാരത്തിൽ ഓരോ കുട്ടിയെയും എത്തിക്കൽ

14. പ്രാദേശികസാധ്യതകൾ പ്രയോജനപ്പെടുത്തി , പഠനം കൂടുതൽ പരിസരബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമാക്കൽ

15. വിദ്യാലയത്തിലെ ഓരോ ഇടവും ടാലന്റ് ലാബുകളാക്കൽ

16. ഓരോ മേഖലയിലും പ്രതിഭകൾക്ക വേണ്ട പോഷണപ്രവർത്തനങ്ങൾ നൽകൽ

17. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ വിഷയത്തിലും ആവശ്യമായ കൈത്താങ്ങ് നൽകൽ

# വിഭാഗങ്ങൾ

## 1. എൽ.പി. വിഭാഗം

a) ഉദ്ഗ്രഥനം

b) മലയാളം

c) ഇംഗ്ലീഷ്

d) ഗണിതം

e) പരിസരപഠനം

## 2. യു.പി. വിഭാഗം

a) മലയാളം

b) ഇംഗ്ലീഷ്

c) ഹിന്ദി

d) അടിസ്ഥാന ശാസ്ത്രം

e) സാമൂഹ്യശാസ്ത്രം

f) ഗണിതം

g) കലാപഠനം

h) കായികപഠനം

i) പ്രവൃത്തിപരിചയ പഠനം

## 3. ഹൈസ്കൂൾ വിഭാഗം

a) മലയാളം

b) ഇംഗ്ലീഷ്

c) ഹിന്ദി

d) ഭൗതികശാസ്ത്രം

e) രസതന്ത്രം

f) ജീവശാസ്ത്രം

g) സാമൂഹ്യശാസ്ത്രം

h)ഗണിതം

i) Career Guidance

j) Adolescence Education

## 4. ക്ലബ്ബ് പ്രവർത്തനങ്ങൾ

a) സയൻസ് ക്ലബ്ബ് (ഗലീലിയോ ക്ലബ്ബ്)

b) പരിസ്ഥിതി ക്ലബ്ബ് ( മഞ്ചാടി ക്ലബ്ബ്)

c) ഗണിത ക്ലബ്ബ് ( BODMAS ക്ലബ്ബ്)

d) English Club (Saplings Club)

e) ഹിന്ദി ക്ലബ്ബ് (മധുപൻ ക്ലബ്ബ്)

f) സാമൂഹ്യശാസ്ത്രക്ലബ്ബ് (നേതാജി ക്ലബ്ബ്)

g) വിദ്യാരംഗം കലാസാഹിത്യവേദി

h) ലഹരി വിരുദ്ധക്ലബ്ബ്

i) ശുചിത്വ ക്ലബ്ബ്

j) Fountain Pen Club

k) ബയോഡൈവേഴ്സിറ്റി ക്ലബ്ബ്

## 5. സമൂഹ പിന്തുണയിലൂന്നിയ അക്കാദമിക പ്രവർത്തനങ്ങൾ

## 6. അക്കാദമിക മികവിനായുള്ള ഭൗതികസാഹചര്യ വികസന പ്രവർത്തനങ്ങൾ

## 7. വിദ്യാലയത്തിന്റെ സവിശേഷ പ്രവർത്തനങ്ങൾ

# 1. എൽ.പി. വിഭാഗം

## a) ഉദ്ഗ്രഥനം

<u>***ഉപലക്ഷ്യങ്ങൾ***</u>

1. 1,2 ക്ലാസ്സുകളിലെ കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിലുള്ള ലേഖനം, ഭാഷണം, ശ്രവണം, വായന എന്നീ ശേഷികൾ മെച്ചപ്പെടുത്തുന്നതിന്
2. സംഖ്യാബോധം വളർത്തിയെടുക്കുന്നതിനും ഗണിതപഠനതാത്പര്യം വളർത്തുന്നതിനും
3. അക്ഷരങ്ങളും ചിഹ്നങ്ങളും ധാരണ ഉറപ്പിക്കുന്നതിന്
4. ഒരക്ക സംഖ്യകളുടെ സങ്കലനവും വ്യവകലനവും ധാരണ ഉറപ്പിക്കുന്നതിന്
5. ലഘുവാക്യങ്ങൾ അനായാസം എഴുതുന്നതിന് പ്രാപ്തനാക്കുന്നതിന്
6. ചിഹ്നങ്ങൾ തെറ്റു കൂടാതെ ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നതിന്

<u>***പ്രവർത്തനങ്ങൾ***</u>

**1.അക്ഷരഗ്ലോബ് നിർമാണം**

ഉപയോഗശൂന്യമായ ഗ്ലോബുകളിൽ അക്ഷരങ്ങൾ ഒട്ടിക്കുന്നു. അക്ഷരങ്ങൾ ഉപയോഗിച്ച് പുതിയ വാക്കുകൾ ഉണ്ടാക്കുന്ന കളികൾ, മത്സരങ്ങൾ എന്നിവയിൽ ഏർപ്പെടുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**2. അക്ഷരചിത്രങ്ങൾ**

അക്ഷരങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കുന്നു. നിറം നൽകുന്നു, പ്രദർശിപ്പിക്കുന്നു, കുട്ടികൾക്ക് അംഗീകാരം നൽകുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**3. എന്റെ പദശേഖരം**

ബുള്ളറ്റിൻ ബോർഡിൽ അക്ഷരകാർഡുകൾ, ചിഹ്നങ്ങൾ എന്നിവ ഉപയോഗിച്ച്

കുട്ടികളുടെ ചർച്ചയോടെ വാക്കുകൾ രൂപീകരിച്ച് പ്രദർശിപ്പിക്കുന്നു. ഓരോ ദിവസത്തെയും വാക്കുകൾ 'എന്റെ പദശേഖരം' എന്ന പുസ്തകത്തിൽ അക്ഷരമാലാക്രമത്തിൽ രേഖപ്പെടുത്തുന്നു. പുസ്തകങ്ങൾ ക്ലാസ്സിൽ സൂക്ഷിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**4. സംഖ്യാ ചങ്ങല**

തെർമോകോൾ മുത്തുകൾ ഉപയോഗിച്ച് ഡിസ്പ്ലേ ബോർഡിൽ കുട്ടികളുടെ ചർച്ചയോടെ സംഖ്യകൾ ചിത്രീകരിക്കുന്നു. ഓരോ ദിവസവും ഓരോ കുട്ടികൾക്ക് സംഖ്യകൾ ക്രമീകരിക്കാൻ അവസരം നൽകുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**5. സംഖ്യാകേളികൾ**

ഉച്ചഭക്ഷണ ശേഷമുള്ള സമയത്ത് കളിക്കുന്നതിനായി വിവിധ സംഖ്യാകേളികൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. സംഖ്യാബോധം ഉറപ്പിക്കുന്നതിനു കൂടി സഹായകമായ ഡിയറ്റർ ഗെയിമുകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**6. സംഖ്യാപോക്കറ്റ് നിർമാണം**

ചാർട്ടിൽ നിരയായി 3 പോക്കറ്റുകൾ നിർമിക്കുന്നു. പോക്കറ്റുകളിൽ 2 എണ്ണത്തിൽ സംഖ്യാകാർഡുകൾ ഇടുന്നു. അവയിലുള്ള ക്രിയകൾ (സങ്കലനം, വ്യവകലനം) അനുസരിച്ച് ശരിയുത്തരത്തിന്റെ കാർഡുകൾ തെരഞ്ഞെടുത്ത് മൂന്നാമത്തെ പോക്കറ്റിൽ നിക്ഷേപിക്കാം. കാർഡുകൾ മാറ്റി നൽകിക്കൊണ്ടേയിരിക്കാം.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

### 7. PICTURE CARD GAMES

Set of cards with pictures of different occasions are distributed to the children. Cards with different words are also given. Students make set of the cards in the right way by arranging the correct words related to the picture cards.

| *Time period* | *Coordinator* |
|---|---|
| June - March | Teacher of the concerned subject |

## b) മലയാളം (ക്ലാസ്സ് - 3,4)

**ഉപലക്ഷ്യങ്ങൾ**

1. ഭാഷണത്തിനുള്ള കഴിവ് വികസിപ്പിക്കുന്നതിന്
2. ലേഖനത്തിനുള്ള കഴിവ് വികസിപ്പിക്കുന്നതിന്
3. കുട്ടികളിൽ വായനാശീലം വളർത്തുന്നതിന്

**പ്രവർത്തനങ്ങൾ**

**1. ക്ലാസ്സ്റൂം ചിത്രകഥകൾ**

അധ്യാപിക ക്ലാസ്സ്റൂമിലെ വിവിധ സന്ദർഭങ്ങളുടെ ചിത്രമെടുത്ത് കമ്പ്യൂട്ടർ സഹായത്തോടെ ചിത്രകഥകളാക്കി മാറ്റുന്നു. സ്വാഭാവിക സന്ദർഭങ്ങളും റോൾ പ്ലേയിലെ രംഗങ്ങളും ഉപയോഗിക്കാം. ചിത്രകഥയിലെ ഒഴിഞ്ഞ സംഭാഷണ ബോക്സുകൾ കുട്ടികൾ പൂരിപ്പിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**2. ചിത്രവായനാകാർഡുകൾ**

വിവിധ ചിത്രങ്ങൾ അടങ്ങിയ കാർഡുകൾ നൽകിയ ശേഷം അവയുമായി ബന്ധപ്പെട്ട കഥകൾ/ ലഘുവിവരണങ്ങൾ എന്നിവ കുട്ടികൾ തയ്യാറാക്കുന്നു.
കുട്ടികൾ തയ്യാറാക്കിയ കഥകൾ പരസ്പരം കൈമാറി അവയെ അടിസ്ഥാനമാക്കിയുള്ള ചിത്രങ്ങൾ വരച്ച് അടിക്കുറിപ്പ് നൽകാനും ആവശ്യപ്പെടുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**3. ഒരാഴ്ച - ഒരു പ്രസംഗം**

വിവിധ വസ്തുക്കൾ, സംഭവങ്ങൾ എന്നിവയെ ആസ്പദമാക്കി വിവരശേഖരണം നടത്തി ആഴ്ചയിലൊരിക്കൽ ഒരു പ്രസംഗം വീതം നടത്തുന്നു. 3, 4 ക്ലാസുകളിൽ ഉച്ചയ്ക്കുള്ള വായനാ സമയം ഇതിനായി ഉപയോഗിക്കുന്നു

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് (ആഴ്ചയിലൊരിക്കൽ) | വിഷയത്തിന്റെ അധ്യാപിക |

**4. ഒരാഴ്ചക്കഥകൾ**

ക്ലാസിലെ അധ്യാപിക ഉൾപ്പെടെ എല്ലാവരും ഒരുമിച്ച് പങ്കാളികളാവുന്ന ഈ പ്രവർത്തനത്തിൽ ആഴ്ചയുടെ തുടക്കത്തിൽ ഒരു കഥയുടെ ഒരു വരിയെഴുതി ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. ഒരാഴ്ച കൊണ്ട് ഓരോരുത്തരും ഓരോ വരികൾ ദിവസവും കൂട്ടിച്ചേർത്ത് കഥ പൂർത്തിയാക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് (ആഴ്ചയിലൊരിക്കൽ) | വിഷയത്തിന്റെ അധ്യാപിക |

## c) ENGLISH ( CLASS – 3,4)

**Objectives:**

1. Using games to enrich vocabulary and ensure fluency in English
2. Provide support for reading, listening, writing and speaking English fluently

**Activities**

**1. 'Spelling Bee' Games and other Language games using ICT**

Using spelling B games and other language games to enrich vocabulary. Students learn more English words and play these games once in a week during  the reading hour at 1.15 pm. They can use ICT in I.T/English periods to play language games. They list out all words used in these games and

prepare '*My word book*'.

| *Time period* | *Coordinator* |
|---|---|
| June - March | English Teacher |

**2. Lone word collections**

Students collect lone words with the help of teacher and prepare '*My Word book*'

| *Time period* | *Coordinator* |
|---|---|
| June - March | English Teacher |

**3. English library**

Arranging English books and reading cards in the class library. Ensuring proper usage of library by issuing charge of class librarian.

| *Time period* | *Coordinator* |
|---|---|
| June - March | English Teacher |

**4. Rhyme Time**

Half an hour from 1.15 pm to 1.45 pm is given to students for watching English rhymes once in a week. Rhymes are presented before students using ICT and time is given to students for presenting learned rhymes.

| *Time period* | *Coordinator* |
|---|---|
| June March | English Teacher |

## d) പരിസരപഠനം

**ഉപലക്ഷ്യങ്ങൾ**

1. പരിസരബന്ധിതമായി നടത്തുന്ന നിരീക്ഷണങ്ങൾ, പരീക്ഷണങ്ങൾ എന്നിവ വഴി പരിസരപഠനതാൽപ്പര്യം വർദ്ധിപ്പിക്കുകയും പ്രക്രിയാശേഷികൾ വികസിപ്പിക്കുകയും ചെയ്യുന്നതിന്

2. ക്യാമ്പസ് ഒരു പാഠപുസ്തകമാക്കി മാറ്റി സ്കൂൾ പുരയിടത്തിൽ നിന്നും സസ്യലതാദികളുടെ സവിശേഷതകൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നതിന്

**പ്രവർത്തനങ്ങൾ**

**1. ഹെർബേറിയം നിർമാണം**

ക്യാമ്പസിലെ ചെടികളുടെ ഇലകൾ ശേഖരിച്ചു കൊണ്ട് ഹെർബേറിയം തയ്യാറാക്കുന്നു. ഇലവിന്യാസങ്ങളുടെ രീതികൾ, ചെടിയുടെ പേരുകൾ എന്നിവ രേഖപ്പെടുത്തുന്നു. തുടർ പഠനങ്ങൾക്കുള്ള റഫറൻസ് സാമഗ്രിയായി സൂക്ഷിച്ചു വയ്ക്കുന്നു. (ക്ലാസ്സ് 4 ന്റെ പ്രവർത്തനം)

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**2. ശേഖരണമൂല തയ്യാറാക്കൽ**

വേരുകൾ. വിവിധ തരം മണ്ണുകൾ, കിഴങ്ങു വർഗ്ഗങ്ങൾ , കായകൾ, ധാന്യങ്ങൾ എന്നിവ ഉൾപ്പെടുത്തി ശേഖരണമൂല തയ്യാറാക്കുന്നു. ഇവയുടെ വർഗ്ഗീകരണം, പ്രത്യേകതകൾ എന്നിവ പട്ടികപ്പെടുത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**3. ക്ലാസ്സ്റൂം പച്ചക്കറിത്തോട്ടങ്ങൾ**

ക്ലാസ്സ് റൂമിന്റെ മുമ്പിലായി പച്ചക്കറിത്തോട്ടങ്ങൾ നിർമിക്കുന്നു. ചെടികൾ നട്ടന്നു മുതലുള്ള കാര്യങ്ങൾ എന്റെ നിരീക്ഷണക്കുറിപ്പുകളിൽ രേഖപ്പെടുത്തുന്നു. ഓരോ ദിവസവുമുള്ള മാറ്റങ്ങൾ പട്ടികപ്പെടുത്തുന്നു. ഇഴവള്ളികൾ, ആരോഹികൾ എന്നിവയെ തിരിച്ചറിയുന്നു, രേഖപ്പെടുത്തുന്നു. ചെടികൾക്ക് ലേബലിങ് നടത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

# e) ഗണിതം

**ഉപലക്ഷ്യങ്ങൾ**

1. ഗുണന വസ്തുതകൾ ഉറപ്പിക്കുന്നതിന്

2. സ്ഥാനവിലകൾ ഉറപ്പിക്കുന്നതിന്

3. സങ്കലന വ്യവകലന ക്രിയകൾ അനായാസമായി അഭ്യസിക്കുന്നതിന് പ്രവർത്തനങ്ങൾ

4. ഗണിതപഠനതാൽപ്പര്യം വർദ്ധിപ്പിക്കുന്നതിന്

5. ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ, ലഘു സംഖ്യാശ്രേണികൾ എന്നിവ ബോധ്യമാകുന്ന

**പ്രവർത്തനങ്ങൾ**

**1. കപ്പ് കൊട്ടാര നിർമാണം**

വിവിധ സംഖ്യകളുടെ ഗുണന വസ്തുതകൾക്കനുയോജ്യമായ രീതിയിൽ ഡിസ്പോസിബിൾ ഗ്ലാസ്സുകൾ ഉപയോഗിച്ച് കപ്പ് കൊട്ടാരം നിർമിക്കുന്നു. ഗുണനവസ്തുതകൾ പട്ടികപ്പെടുത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**2. പൊട്ടുകൾ കൊണ്ടുള്ള പാറ്റേണുകൾ**

കുട്ടികൾ വിവിധ തരം പൊട്ടുകൾ ഉപയോഗിച്ച് പാറ്റേണുകൾ നിർമിക്കുന്നു. ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ, ലഘു സംഖ്യാശ്രേണികൾ എന്നിവ തയ്യാറാക്കിയ ശേഷം സംഖ്യാരൂപത്തിൽ പട്ടികപ്പെടുത്തുന്നു, സാമാന്യ വത്കരണം നടത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**3. സംഖ്യാപോക്കറ്റ് നിർമാണം**

ചതുഷ്ക്രിയകൾക്കനുയോജ്യമായ രീതിയിൽ സംഖ്യാപോക്കറ്റുകൾ നിർമിക്കുന്നു, പാഠഭാഗത്തിനനുസരിച്ച് കുട്ടികൾ വിവിധ സങ്കലന വ്യവകലന ക്രിയകൾ ചെയ്യുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

# യു.പി. വിഭാഗം

## a) മലയാളം

**ഉപലക്ഷ്യങ്ങൾ**

1. ഭാഷണം, ലേഖനം എന്നിവയിലുള്ള ശേഷികൾ വികസിപ്പിക്കുന്നതിന്
2. സാഹിത്യാഭിരുചി വളർത്തുന്നതിനും സർഗ്ഗാത്മക പ്രോത്സാഹിപ്പിക്കുന്നതിനും
3. വായനയിലും ലൈബ്രറി ഉപയോഗത്തിലും താൽപ്പര്യം വളർത്തുന്നതിന്

**പ്രവർത്തനങ്ങൾ**

### 1. നിറവ് -ഭാഷാ ക്യാമ്പ്

ഭാഷാ ശേഷികൾ വികസിപ്പിക്കുന്നതിന് 'നിറവ്' എന്ന പേരിൽ അവധിക്കാല ക്യാമ്പ് നടത്തുന്നു. നാടകീകരണം, വായനാ കാർഡ് നിർമാണം, പദപ്രശ്ന ക്രമീകരണം, കവിതാ -കഥാ രചനാശിൽപ്പശാല എന്നിവ ക്യാമ്പിന്റെ ഭാഗമാകുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| സപ്തംബർ | വിഷയത്തിന്റെ അധ്യാപിക, എസ്.ആർ.ജി. |

### 2. പത്രപാരായണ മത്സരം

നിത്യവും 5 മിനിട്ട് പത്രപാരായണം ക്ലാസ്സുകളിൽ ശീലമാക്കുന്നു.
വർഷത്തിലൊരിക്കൽ പത്രപാരായണ മത്സരം നടത്തി വിജയികളെ ഉപജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | ക്ലാസ്സ് അധ്യാപിക |

### 3. ക്ലാസ്സ്റൂം ലൈബ്രറി നവീകരണം

കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ ക്ലാസ്സ് ലൈബ്രറികൾ നവീകരിക്കുന്നു. കുട്ടികൾ കാറ്റലോഗ് തയ്യാറാക്കുന്നു. ക്ലാസ്സ് ലൈബ്രേറിയനെ പുസ്തകവിതരണത്തിന്റെ ചുമതല ഏൽപ്പിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലാസ്സ് അധ്യാപിക |

**4. 'എന്റെ വാക്ക്'**

പഠനപിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് ഓരോ ദിവസവും അന്നത്തെ പഠനത്തെ ആസ്പദമാക്കി ഒരു വാക്ക് വീതം പ്രത്യേകം സജ്ജീകരിച്ച ചാർട്ടിൽ സ്റ്റിക്കർ പേപ്പറിൽ എഴുതി ഒട്ടിക്കാൻ അവസരം നൽകുന്നു. ഇവ ഉപയോഗിച്ച് കുട്ടികൾ തന്നെ വിവിധ ടേമുകളുടെ അവസാനം കേട്ടെഴുത്ത് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**5. ക്ലാസ്സ് പത്രങ്ങൾ**

ഓരോ ക്ലാസ്സിലും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ഓരോ മാസവും ഒന്ന് വീതം ക്ലാസ്സ് പത്രം തയ്യാറാക്കുന്നു. ക്ലാസ്സിലെ പ്രധാന വാർത്തകൾ, സ്കൂൾ വാർത്തകൾ, കുട്ടികളുടെ സർഗ്ഗാത്മകരചനകൾ എന്നിവ ഇതിൽ ഉൾപ്പെടുത്തുന്നു. അസംബ്ലിയിൽ വച്ച് ക്ലാസ്സ് പത്രങ്ങൾ പ്രകാശനം ചെയ്യുന്നു. ഓഫീസ് റൂമിനു പുറത്ത് പ്രത്യേകം സ്ഥലം ക്രമീകരിച്ച് ഇവ സ്ഥിരമായി പ്രദർശിപ്പിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**6. ഭാഷാപഠനത്തിന് സർഗ്ഗവേളകൾ**

ആഴ്ചയുടെ അവസാനം ക്ലാസ്സ്തലത്തിൽ നടക്കുന്ന സർഗ്ഗവേളകളിലെ ഭാഷാപഠനസാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നു. എല്ലാ സർഗ്ഗവേളകൾക്കും കുട്ടികൾ തന്നെ പ്രോഗ്രാം നോട്ടീസ് തയ്യാറാക്കുന്നു. പ്രസംഗം/പ്രഭാഷണം, പാഠഭാഗങ്ങളുടെ രംഗാവിഷ്കാരം, പാഠഭാഗവുമായി ബന്ധമുള്ള കവിതകൾ/മറ്റു വ്യവഹാരരൂപങ്ങൾ എന്നിവയുടെ അവതരണം സർഗ്ഗവേളകളിൽ ഉറപ്പാക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലാസ് അധ്യാപിക |

## b) ENGLISH

**Objectives:**

1. Enrich language fluency and vocabulary
2. Develop skills in listening, speaking, reading and writing
3. Help students to use different discourses in English fluently
4. Help students to use English as a global language

**Activities:**

**1. 'Story time'**

Arranging half an hour after lunch break once in every weak as 'story time' . English cartoon stories will be displayed for this. Students watch and write the names of characters, major dialogues and title for different scenes (paused) as extension activities. Students keep separate **Story book** for these activities. Proper time table with precise time schedule will be set for every class before executing the programme.

| *Time period* | *Coordinator* |
|---|---|
| June – March | English Teacher |

**2. English news letter**

English news letter containing different works of students in various discourses will be printed and published in A3 size once in a term. Separate editorial board will be formed for this activity.

| *Time period* | *Coordinator* |
|---|---|
| June - March | English Teacher |

**3. English theatre camp**

One day English theatre camp will be provided for the students once in a year. It will contain various theatre games with a variety of language use. For example: Radio drama. Students will be grouped for this activities and their will be a common ending and presentation.

| Time period | Coordinator |
|---|---|
| September | English Teacher |

**4. 'My dictionary'**
Students prepare my dictionary by adding learned words and meanings everyday. They arrange pages in alphabet order. Spelling competitions will be held based on these collections of words. They can add more words when they find more meanings from the real dictionary. They will be displayed in class PTAs.

| *Time period* | *Coordinator* |
|---|---|
| June - March | English Teacher |

**5. Collection of Wrappers and Authentic materials (project)**
Students make separate collections of wrappers and authentic materials such as real notices, posters, letters, bills etc. They list out the words which they identified from different wrappers in the project report and present the collections and project report in the class. They add the new words to their *'My Dictionary'*.

| *Time period* | *Coordinator* |
|---|---|
| Vacation ($1^{st}$ term) | English Teacher |

## c) ഹിന്ദി

**ഉപലക്ഷ്യങ്ങൾ**

1. ഹിന്ദി ഭാഷയിൽ ലേഖനം, ഭാഷണം, ശ്രവണം, വായന എന്നീ ശേഷികൾ മെച്ചപ്പെടുത്തുന്നതിന്

2. സ്വാഭാവിക സാഹചര്യങ്ങളിൽ ഭാഷ ഉപയോഗിക്കാനുള്ള അവസരങ്ങൾ സൃഷ്ടിച്ച് ഹിന്ദിയോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കൽ

**പ്രവർത്തനങ്ങൾ**

**1. അക്ഷരകാർഡ് നിർമാണം**

വിവിധ അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവയുടെ അക്ഷരകാർഡുകൾ വിവിധ

വർണ്ണങ്ങളിൽ കുട്ടികൾ തയ്യാറാക്കുന്നു. ഇവ ക്രമീകരിച്ച് അധ്യാപികയുടെ നിർദ്ദേശാനുസരണം വാക്കുകൾ സന്ദർശിക്കുന്നു. ബുള്ളറ്റിൻ ബോർഡിൽ ഇവ പ്രദർശിപ്പിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

### 2. 'സുരീലി ഹിന്ദി'

പ്രത്യേക മൊഡ്യൂൾ ഉപയോഗിച്ച് പഠനപിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളുടെ ഭാഷാശേഷികൾ വികസിപ്പിക്കുന്നതിന് സുരീലി ഹിന്ദി ക്യാമ്പ് നൽകുന്നു. 45 മിനിട്ട് വീതമുള്ള ഓരോ സെഷനുകളിലായി 20 ദിവസം കൊണ്ട് ക്യാമ്പ് പൂർത്തിയാക്കാം.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- ജൂലൈ | വിഷയത്തിന്റെ അധ്യാപിക |

### 3. ചിത്രവായന

മൃഗങ്ങൾ, പക്ഷികൾ, സ്ഥലങ്ങൾ തുടങ്ങിയ ചിത്രങ്ങൾ ഉപയോഗിച്ച് കഥാരചന നടത്തുന്നു. വ്യത്യസ്തരീതികളിൽ ആവിഷ്കരിക്കപ്പെടുന്ന കഥകൾ ചർച്ച പ്രദർശിപ്പിക്കുന്നു, അവതരിപ്പിക്കുന്നു. ചിത്രങ്ങൾക്ക് അനുയോജ്യമായ അടിക്കുറിപ്പുകൾ നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

## d) അടിസ്ഥാന ശാസ്ത്രം

**ഉപലക്ഷ്യങ്ങൾ**

1. നൂതനശാസ്ത്രനേട്ടങ്ങൾ കുട്ടികൾക്ക് പരിചിതമാക്കൽ
2. നിരീക്ഷണങ്ങൾ, പരീക്ഷണങ്ങൾ എന്നിവയിലേർപ്പെടുന്നതിന് കുട്ടികളിൽ താൽപ്പര്യം സൃഷ്ടിക്കൽ
3. ശാസ്ത്രപാഠങ്ങൾ എളുപ്പത്തിൽ സ്വായത്തമാക്കുന്നതിനു വേണ്ട പിന്തുണ നൽകൽ

## പ്രവർത്തനങ്ങൾ

### 1. ശാസ്ത്രനിഘണ്ടു നിർമാണം

ഓരോ ദിവസവും പരിചയപ്പെടുന്ന ശാസ്ത്രപദങ്ങൾ ക്രമീകരിച്ച് അക്കാദമികവർഷത്തിന്റെ ആരംഭത്തിൽ തന്നെ ഓരോ കുട്ടിയും ശാസ്ത്രനിഘണ്ടു നിർമിക്കൽ, ഓരോ ക്ലാസ്സുകളിലും ലഭിക്കുന്ന പുതിയ വിവരങ്ങൾ കൂട്ടിച്ചേർത്ത് നിഘണ്ടു വിപുലീകരിക്കൽ.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

### 2. ക്ലാസ്സ് ലബോറട്ടറികൾ ക്രമീകരണം

എല്ലാ ക്ലാസ്സുകളിലും അത്യാവശ്യം വേണ്ട പരീക്ഷണസാമഗ്രികൾ ക്രമീകരിച്ച് ക്ലാസ്സ് ലൈബ്രറികൾ ക്രമീകരിക്കൽ, കുട്ടികളുടെ സഹായത്തോടെ ക്ലാസ്സ് ലബോറട്ടറികൾ വിപുലീകരിക്കൽ.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ | വിഷയത്തിന്റെ അധ്യാപിക, ക്ലാസ്സ് അധ്യാപകർ |

### 3. വിസ്മയച്ചുവർ

ഓരോ ക്ലാസ്സിലും പ്രത്യേകം ക്രമീകരിച്ച ബോർഡിൽ/ ഫ്ലൂറസന്റ് ചാർട്ടിൽ ആനുകാലിക സയൻസ് കണ്ടുപിടുത്തങ്ങൾ, ശാസ്ത്രസംബന്ധിയായ പത്രകട്ടിങ്ങുകൾ എന്നിവ ഉൾപ്പെടുത്തി കുട്ടികൾ വിസ്മയച്ചുവർ തയ്യാറാക്കുന്നു. വിസ്മയച്ചുവരിലെ പ്രദർശനവസ്തുക്കളെ അടിസ്ഥാനമാക്കി ഓരോ മാസവും ക്ലാസ്സ്തല ക്വിസ് മത്സരം കുട്ടികൾ തന്നെ നടത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

### 4. ശാസ്ത്രോത്സവം

ശാസ്ത്രപരീക്ഷണങ്ങൾക്കായി ഏകദിനശാസ്ത്രോത്സവം നടത്തുന്നു. യു.പി.ക്ലാസ്സുകളിലെ കുട്ടികൾക്കനുയോജ്യമായ പരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്ത് കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് ശാസ്ത്രോത്സവം നടത്തുന്നു. പരീക്ഷണക്കുറിപ്പുകൾ ശേഖരിച്ച് വിലയിരുത്തുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ഡിസംബർ | വിഷയത്തിന്റെ<br>അധ്യാപിക,എസ്.ആർ.ജി. |

## e) സാമൂഹ്യശാസ്ത്രം

**ഉപലക്ഷ്യങ്ങൾ**

1. ചരിത്രപഠനതാൽപ്പര്യം വളർത്താനുതകുന്ന രീതിയിൽ ചുറ്റുപാടിൽ നിന്ന് ചരിത്രരചന നടത്തൽ

2. ഭൂമിശാസ്ത്രപഠനത്തിന് പ്രാദേശിക സാധ്യതകൾ ഉപയോഗപ്പെടുത്തൽ

3. ആനുകാലികസംഭവങ്ങളിലുള്ള അറിവ് വികസിപ്പിക്കുന്നതിനും കുട്ടികളിൽ സ്വയംപഠനത്തിനുള്ള ശേഷി വികസിപ്പിക്കുന്നതിനും

**പ്രവർത്തനങ്ങൾ**

### 1.വിഭവഭൂപട നിർമാണം

പ്രദേശത്തെ ഭൂമിശാസ്ത്രപരവും സാമൂഹികവുമായ വിഭവങ്ങൾ പട്ടികപ്പെടുത്തിയ ശേഷം ഭൂപടം തയ്യാറാക്കുന്നു. ഇതിൽ നിന്ന് സ്കൂളിൽ നടക്കുന്ന വിവിധ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി സന്ദർശിക്കാവുന്ന സ്ഥലങ്ങൾ, സ്കൂളിലേക്ക് അതിഥി ക്ലാസ്സിനായി ക്ഷണിക്കാവുന്ന വ്യക്തികൾ എന്നിവരെ പട്ടികപ്പെടുത്തുന്നു, തുടർപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു. ഭൂപടത്തിന്റെ പകർപ്പുകൾ സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറികൾ എന്നിവയിലേക്ക് നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| സെപ്റ്റംബർ ( ഒന്നാം ടേം - അവധിക്കാലം) | വിഷയത്തിന്റെ അധ്യാപിക |

## 2. അറ്റ് ലസ് നിർമാണ പരിശീലനം

വിവിധ വിഷയങ്ങളെ ആസ്പദമാക്കി അറ്റ് ലസുകൾ നിർമിക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

## 3. പ്രാദേശിക ചരിത്ര രചന

ഓടപ്പള്ളം , വള്ളുവാടി, പഴേരി, വടക്കനാട്, കരുവള്ളിക്കുന്ന് എന്നീ സ്ഥലങ്ങളുടെ ചരിത്രരചന വിവിധ ഗ്രൂപ്പുകളിലായി നിർവ്വഹിക്കുന്നു. പ്രാദേശിക ചരിത്രങ്ങൾ സമാഹരിച്ച് ഒരു പുസ്തകമാക്കി പ്രിന്റ് ചെയ്ത ശേഷം സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറികൾ, പ്രദേശത്തെ അർച്ചന ലൈബ്രറി, കരുവള്ളിക്കുന്ന് ലൈബ്രറി, വിനോദ് ലൈബ്രറി ഇടങ്ങിയ ലൈബ്രറികൾക്ക് പഠനത്തിനും റഫറൻസിനുമായി വിതരണം ചെയ്യുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| സെപ്റ്റംബർ ( ഒന്നാം ടേം - അവധിക്കാലം) | വിഷയത്തിന്റെ അധ്യാപിക |

## 4. ക്വിസ് ബോർഡ്

ഓരോ ക്ലാസ്സിലും ക്വിസ് ബോർഡുകൾ (ഫ്ലൂറസന്റ് ചാർട്ടിൽ) സ്ഥാപിക്കുന്നു. ക്വിസ് ബോർഡിലേക്ക് ഓരോ ദിവസവും ആനുകാലിക വിഷയങ്ങൾ, പാഠഭാഗങ്ങൾ, പത്രവാർത്തകൾ എന്നിവയെ ആസ്പദമാക്കി 10 വീതം ചോദ്യങ്ങൾ കുട്ടികൾ തന്നെ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. ഉത്തരങ്ങൾ എഴുതിയിടാൻ പ്രത്യേക ബോക്സ് സ്ഥാപിക്കുന്നു. ശരിയുത്തരങ്ങൾ കണ്ടെത്തി ഓരോ ക്ലാസ്സിലും ഏറ്റവുമധികം സ്കോർ നേടുന്ന കുട്ടിക്ക് ഓരോ ആഴ്ചയിലും അസംബ്ലിയിൽ അഭിനന്ദനങ്ങൾ നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

## f) ഗണിതം

**ഉപലക്ഷ്യങ്ങൾ**

1. ഗണിതത്തിലെ അടിസ്ഥാനശേഷികൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പു വരുത്തൽ
2. കുട്ടികളിൽ ഗണിത പഠനതാൽപര്യം വളർത്തുക
3. പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഗണിതശാസ്ത്രത്തെ ഉപയോഗപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക

**പ്രവർത്തനങ്ങൾ**

### 1. 'ഒപ്പം- ഒപ്പത്തിനൊപ്പം' വർക്ക് ഷീറ്റുകൾ

ഗണിത പഠനത്തിൽ അടിസ്ഥാനശേഷികൾ നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾക്കു വേണ്ടി ഐ.സി.ടി.സഹായത്തോടെ വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു, ഇവ അധ്യാപികയും ഗണിതത്തിൽ പഠനമികവ് കാണിക്കുന്ന കുട്ടികളും ചേർന്ന് അടിസ്ഥാനശേഷികൾ നേടിയിട്ടില്ലാത്ത പ്രത്യേക ശ്രദ്ധ ആവശ്യമായ കുട്ടികൾക്ക് നൽകുന്നു. വർക്ക് ഷീറ്റുകൾ ചെയ്യുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. അടിസ്ഥാന ക്രിയകൾ, സംഖ്യാബോധം, ലഘു ജ്യാമിതീയ രൂപങ്ങൾ തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് ഇവ തയ്യാറാക്കുക.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

### 2. ഗണിതമാസികകൾ

അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ കുട്ടികൾ കണ്ടെത്തുകയും ശേഖരിക്കുകയും ചെയ്യുന്ന ആശയങ്ങളും ചിത്രങ്ങളും ഉൾപ്പെടുത്തി കയ്യെഴുത്തുമാസിക തയ്യാറാക്കുന്നു. ഇത് വികസിപ്പിച്ച് പിന്നീട് ഉപജില്ലാതല മത്സരങ്ങളിലേക്ക് പങ്കെടുപ്പിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ആഗസ്റ്റ് | വിഷയത്തിന്റെ അധ്യാപിക |

### 3. ഗണിതച്ചുവർ നിർമാണം

*'Buliding as a learning aid'* എന്ന കാഴ്ചപ്പാടോടെ സ്കൂൾ കെട്ടിടങ്ങളുടെ ചുമരുകൾ, ക്ലാസ്സ് റൂം ഭിത്തികൾ എന്നിവയിൽ ഓരോ ക്ലാസ്സിലും ഗണിതപാഠങ്ങളിൽ ചർച്ച ചെയ്യുന്ന ചിത്രങ്ങൾ, ആശയങ്ങൾ, പാറ്റേണുകൾ എന്നിവയുടെ ചിത്രീകരണം നടത്തുന്നു. ഇതിനായി പെയിന്റ് ചെയ്യുകയോ സ്റ്റിക്കർ പ്രിന്റിങ് നടത്തി ഒട്ടിക്കുകയോ ചെയ്യുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| 1-2 വർഷത്തിനുള്ളിൽ | വിഷയത്തിന്റെ അധ്യാപിക |

## g) കലാപഠനം

**ഉപലക്ഷ്യങ്ങൾ**

1. കുട്ടികളിലുള്ള കലാപരമായ മികവുകളും കഴിവുകളും കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന്
2. കലാപഠനത്തിന് പ്രാദേശികസാധ്യതകൾ ഉപയോഗിക്കുന്നതിന്
3. വിവിധ ചിത്രരചനാ സങ്കേതങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിന്

**പ്രവർത്തനങ്ങൾ**

### 1. ഗ്ലാസ്സ് പെയിന്റിങ് പരിശീലനം

പ്രദേശത്തെ വിദഗ്ധ കലാകാരന്മാരെ ഉപയോഗപ്പെടുത്തി ഗ്ലാസ്സ് പെയിന്റിങ്ങിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | എസ്.ആർ.ജികൾ |

### 2. നാടക ക്യാമ്പ്

കുട്ടികൾക്ക് ദ്വിദിന നാടക പരിശീലനക്യാമ്പ് നല്കുന്നു. വിവിധ തിയറ്റർ ഗെയിമുകളിലൂടെ നാടകത്തിലേക്കെത്തുന്ന രീതിയിൽ നടത്തുന്ന നാടകക്യാമ്പിന്റെ ഭാഗമായി സ്ക്രിപ്റ്റ് രചന, റേഡിയോ നാടകം, ടാബ്ലോ തുടങ്ങിയ സങ്കേതങ്ങളും പരിചയപ്പെടുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | എസ്.ആർ.ജികൾ |

### 3. ചിത്രരചനാ ക്ലാസ്സുകൾ

പ്രാദേശിക വിദഗ്ധരെ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് 1 മണിക്കൂർ വീതം രണ്ടാഴ്ച നീണ്ട നിൽക്കുന്ന പരിശീലനം നൽകുന്നു. ചിത്രരചനയിലെ വിവിധ സങ്കേതങ്ങൾ പരിചയപ്പെടുത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | എസ്.ആർ.ജികൾ |

## h) കായികപഠനം

**ഉപലക്ഷ്യങ്ങൾ**

1. വിവിധ ഗെയിമുകളുടെ നിയമങ്ങൾ പരിചയപ്പെടുന്നതിനും കളികളിൽ പ്രാവീണ്യം നേടുന്നതിനും

2. ഭിന്നശേഷിക്കാരായ കുട്ടികളെ വിവിധ ഗെയിമുകളിൽ പ്രതിഭകളാക്കി മാറ്റുന്നതിന്

**പ്രവർത്തനങ്ങൾ**

### 1. INDOOR GAMES

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കാരംസ്, ലൂഡോ, ചെസ്സ് തുടങ്ങിയ ഗെയിമുകളിൽ പരിശീലനം നൽകുന്നു. കുട്ടികൾ കളിയുടെ നിയമങ്ങൾ ലിസ്റ്റ് ചെയ്യുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപകൻ |

### 2. MASS DRILL

മാസ് ഡ്രിൽ പരിശീലനം നൽകുന്നു. കുട്ടികളുടെ മാസ്ഡ്രിൽ എല്ലാ ആഴ്ചകളിലും നടത്തുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപകൻ |

### 3. ചെസ്സ് പരിശീലനം

ചെസ്സ് പരിശീലനം നൽകുന്നു, സ്കൂൾതല ചെസ്സ് ടൂർണമെന്റ് നടത്തി കുട്ടികളെ ഉപജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു, കുട്ടികൾ കളിയുടെ നിയമങ്ങൾ ലിസ്റ്റ് ചെയ്യുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപകൻ |

### 4. SPECIAL COACHINGS

ബാഡ്മിന്റൺ, ഫുട്ബോൾ, വോളിബോൾ(പെൺകുട്ടികൾക്ക്) എന്നിവയിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നു. കളിയുടെ നിയമങ്ങൾ, പ്രശസ്ത കളിക്കാരുടെ പേരുകൾ, പ്രധാന സ്റ്റേഡിയങ്ങൾ, കളിയുമായി ബന്ധപ്പെട്ട വിവിധ പദങ്ങൾ തുടങ്ങിയവ കുട്ടികൾ ലിസ്റ്റ് ചെയ്യുന്നു. കളിക്കാരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കി ചിത്രങ്ങൾക്ക് അടിക്കുറിപ്പ് നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപകൻ |

## i) പ്രവൃത്തിപരിചയ പഠനം

**ഉപലക്ഷ്യങ്ങൾ**

1. ശാരീരിക-ചലനപരബുദ്ധിയുടെ വികാസത്തിനുതകുന്ന നിർമാണപ്രവർത്തനങ്ങളിലേർപ്പെടുന്നതിന്

2. പ്രയോജനപ്രദമായ ഉൽപ്പന്നനിർമിതികളിൽ കുട്ടികൾക്ക് പ്രാവീണ്യം നേടാൻ സഹായിക്കുന്നതിന്

3. സാമ്പത്തികനേട്ടങ്ങളുണ്ടാക്കാവുന്ന വിധം വിവിധ നിർമാണ പ്രവൃത്തികളിലേർപ്പെടാൻ കുട്ടികൾക്ക് അവസരമൊരുക്കുന്നതിന്

## പ്രവർത്തനങ്ങൾ

### 1. സോപ്പ്നിർമാണ പരിശീലനം

സോപ്പ് നിർമാണം നടത്തുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുന്നു. നിർമാണ രീതി, സാമഗ്രികൾ എന്നിവ സംബന്ധിച്ച് കുട്ടികൾ കുറിപ്പ് തയ്യാറാക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

### 2. 'എല്ലാ വീട്ടിലും തുണി സഞ്ചി'

എല്ലാ കുട്ടികളുടെ വീടുകളിലും തുണി സഞ്ചി ഉറപ്പാക്കാനും പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനുമായി തുണിസഞ്ചി നിർമാണത്തിൽ പരിശീലനം നൽകുന്നു. തയ്യൽ മെഷീൻ ഉള്ള കുട്ടികളുടെ വീടുകൾ കേന്ദ്രീകരിച്ച് തുണി സഞ്ചികൾ നിർമിച്ച് പ്രദേശത്ത് പ്രചരിപ്പിക്കുന്നു. നിർമാണ രീതി, സാമഗ്രികൾ എന്നിവ സംബന്ധിച്ച് കുട്ടികൾ കുറിപ്പ് തയ്യാറാക്കുന്നു. തുണി സഞ്ചിയുടെ പ്രചരണത്തിന് പോസ്റ്ററുകൾ തയ്യാറാക്കി വിവിധ പ്രദേശങ്ങളിൽ പതിപ്പിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

### 3. മുള കൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമാണം

പ്രദേശത്ത് സുലഭമായ മുള ഉപയോഗിച്ച് വിവിധ കരകൗശലവസ്തുക്കൾ നിർമിക്കാൻ കുട്ടികൾക്ക് പരിശീലനം നൽകുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

### 4. ലോഷൻ നിർമാണം

ലോഷൻ നിർമാണത്തിന് കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. തയ്യാറാക്കിയ ലോഷൻ സ്കൂൾ മാർക്കറ്റ് വഴി വിൽപ്പന നടത്തുന്നു. നിർമാണ രീതി, സാമഗ്രികൾ എന്നിവ സംബന്ധിച്ച് കുട്ടികൾ കുറിപ്പ് തയ്യാറാക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

# 3. ഹൈസ്കൂൾ വിഭാഗം

## a) മലയാളം

### ഉപലക്ഷ്യങ്ങൾ

1. അടിസ്ഥാനശേഷികൾ നേടിയിട്ടില്ലാത്ത മുഴുവൻ കുട്ടികൾക്കും അവ നേടിയെടുക്കുന്നതിനുള്ള ലേഖന, ഭാഷണ, ശ്രവണ, വായനാ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ
2. വായനാശീലത്തെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക
3. സർഗ്ഗാത്മകരചനകളിൽ ഏർപ്പെടുന്നതിന് കുട്ടികളിൽ താൽപ്പര്യം സൃഷ്ടിക്കുകയും എഴുത്തിന്റെ നൂതന സങ്കേതങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യൽ

### പ്രവർത്തനങ്ങൾ

**1. '*വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം*'**

ഓരോ കുട്ടികളും വായിക്കുന്ന പുസ്തകങ്ങളുടെ വിവരങ്ങളും ആസ്വാദനക്കുറിപ്പുകളും എഴുതി സൂക്ഷിക്കാൻ *വായിച്ചാലും 'വായിച്ചാലും തീരാത്ത പുസ്തകം'* എന്ന പേരിൽ പ്രത്യേകം ഡയറി ഓരോ കുട്ടിയും തയ്യാറാക്കുന്നു. A4 ഷീറ്റുകളിൽ തയ്യാറാക്കുന്ന ഡയറിക്ക് വേണ്ട കവർ പേജുകളും ഇൻഡക്സും കുട്ടികൾക്ക് പ്രിന്റ് ചെയ്തു നൽകുന്നു. ഡയറി പരിശോധിച്ച് ഓരോ ക്ലാസ്സിലും ഏറ്റവുമധികം പുസ്തകങ്ങൾ വായിക്കുകയും കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്ന കുട്ടികളുടെ പേരുകൾ അസംബ്ലിയിൽ ഓരോ ആഴ്ചയും പ്രഖ്യാപിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**2. ചിത്രകഥാ വർക്ക് ഷീറ്റുകൾ**

അടിസ്ഥാനശേഷികൾ നേടിയിട്ടില്ലാത്ത കുട്ടികൾക്കായി ബാല പ്രസിദ്ധീകരണങ്ങളിലെയും പാഠപുസ്തകങ്ങളിലെയും ചിത്രങ്ങൾ ഉൾപ്പെടുത്തി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. ഐ.സി.ടി. സഹായത്തോടെ തയ്യാറാക്കുന്ന വർക്ക് ഷീറ്റുകളിൽ സംഭാഷണ ബോക്സുകൾ പൂരിപ്പിക്കാൻ, അടിക്കുറിപ്പ് നൽകൽ, കഥാപാത്രങ്ങളുടെ പേരെഴുതൽ തുടങ്ങിയ പ്രവർത്തനങ്ങൾ തയ്യാറാക്കി നൽകുന്നു. വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നതിന് സ്കൂളിലെ മുഴുവൻ അധ്യാപകർക്കും ഏകദിന പരിശീലനം നൽകും (വിശദാംശങ്ങൾക്ക് ഭാഗം -7, *വിദ്യാലയത്തിന്റെ സവിശേഷ*

*പ്രവർത്തനങ്ങൾ കാണാം)*

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

### 3. ലൈബ്രറി/ക്ലാസ്സ് ലൈബ്രറി/റീഡിങ് റൂം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ

ദിവസവും ഉച്ചയ്ക്ക് 1.15 മുതൽ 1.45 വരെ പുസ്തകവിതരണം നടത്തുന്നതിനായി കുട്ടികളുടെ ലൈബ്രറി കമ്മിറ്റി രൂപീകരിക്കൽ, അധ്യാപികയുടെ മേൽനോട്ടത്തിൽ കുട്ടികൾ തന്നെ പുസ്തകവിതരണം നടത്തൽ, ഓരോ ക്ലാസ്സിനും പുസ്തകവിതരണത്തിന് സമയം നിശ്ചയിക്കൽ, റീഡിങ് റൂം എല്ലാ സമയവും തുറന്ന് വയ്ക്കൽ, ലൈബ്രറി കാർഡുകൾ വഴി പുസ്തകവിതരണം നടത്തൽ, മഹദ് വചനങ്ങൾ/പുസ്തകങ്ങളിലെ പ്രസിദ്ധവരികൾ എന്നിവ എഴുതി കുട്ടികൾ തയ്യാറാക്കിയ ബോർഡുകൾ(ഫ്ലൂറസെന്റ് ചാർട്ട് & തെർമോകോൾ ഉപയോഗിച്ച് തയ്യാറാക്കുന്നത്) ലൈബ്രേറിയിലും ക്ലാസ്സ് മുറികളിലും സ്ഥാപിക്കൽ, ക്ലാസ്സ് ലൈബ്രറികളിലെ പുസ്തകലിസ്റ്റ് കുട്ടികൾ വഴി തയ്യാറാക്കൽ. ക്ലാസ്സ് ലൈബ്രേറിയന്മാരെ നിയമിക്കൽ, എല്ലാ ക്ലാസ്സിലും പത്രങ്ങൾ എത്തിക്കൽ എന്നിവ ഉറപ്പാക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക,<br>ലൈബ്രറിയുടെ ചുമതലയുള്ള അധ്യാപിക |

### 4. സ്കൂൾ റേഡിയോ

ഹൈടെക് ക്ലാസ്സ്റൂം ക്രമീകരണങ്ങൾ പൂർത്തിയായതിനു ശേഷം ദിവസവും ഉച്ചസമയത്ത് 10 മിനിട്ട് വീതം കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ ഓഫീസിൽ ക്രമീകരിക്കുന്ന പബ്ലിക് അഡ്രസിങ് സിസ്റ്റം ഉപയോഗിച്ച് സംപ്രേഷണം ചെയ്യുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

## b) ENGLISH

**Objectives:**

1. Enrich language fluency and vocabulary
2. Develop skills in listening, speaking, reading and writing
3.Encourage creative writing in English
4. Help the students to use English as a global language in natural situations

**Activities**

**1. English newspaper**

English newspaper containing news from classroom and different works of students in various discourses will be published once in a term. Separate editorial board will be formed for this activity. Each class will prepare newspapers and they will be displayed in front of the office.

| *Time period* | *Coordinator* |
|---|---|
| Once in a term | English Teacher |

**2. Word corner**

A word corner will be prepared in every class and simple words from every English class will be written in sticky notes by children who need special attention. Spelling games and competitions will be conducted for them every month based on these words.

| *Time period* | *Coordinator* |
|---|---|
| June – March | English Teacher |

**3. Language laboratory**

A Language lab will be arranged using some space in the Smart room in our school. It may include one computer system, headphones with microphone and camera. Collections of rhymes, stories, language puzzles, language games, reading cards, story cards , hard and soft copies of discourses such as notices and posters and other resources supporting language learning will be collected and arranged in the language lab. Students can visit the lab for different activities related to various learning objectives. They can record their voice, listen their voice and others, improve speaking and evaluate

themselves. They can do dubbing for movies and short films using the lab and present the final visuals before others.

| *Time period* | *Coordinator* |
| --- | --- |
| Within 1 year | English Teacher |

**4. My dictionary**

Students prepare my dictionary by adding learned words and meanings everyday. They arrange pages in alphabet order. Spelling competitions will be held based on these collections of words. They can add more words when they find more meanings from the real dictionary. They will be displayed in class PTAs.

| *Time period* | *Coordinator* |
| --- | --- |
| June – March | English Teacher |

## c) ഹിന്ദി

**ഉപലക്ഷ്യങ്ങൾ**

1. ഹിന്ദി ഭാഷയിൽ ലേഖനം, ഭാഷണം, ശ്രവണം, വായന എന്നീ ശേഷികൾ മെച്ചപ്പെടുത്തുന്നതിന്

2. സ്വാഭാവിക സാഹചര്യങ്ങളിൽ ഭാഷ ഉപയോഗിക്കാനുള്ള അവസരങ്ങൾ സൃഷ്ടിച്ച് ഹിന്ദിയോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കൽ

3. വിവിധ വ്യവഹാരരൂപങ്ങൾ സ്വാഭാവികമായി ഉപയോഗിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കൽ

**പ്രവർത്തനങ്ങൾ**

**1. ഹിന്ദി ഡബ്ബിങ്**

പാഠഭാഗവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികൾ, വീഡിയോകൾ എന്നിവ പ്രദർശിപ്പിക്കുകയും അവ കുട്ടികൾ ഹിന്ദിയിലേക്ക് ഡബ്ബിങ് നടത്തുകയും ചെയ്യുന്നു. ഇതിനായി മലയാളം- ഹിന്ദി ഡിക്ഷനറി റഫറൻസിലും അധ്യാപികയുടെ സഹായവും ഉപയോഗിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
| --- | --- |
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

## 2. സുരീലി ഹിന്ദി

പ്രത്യേക മൊഡ്യൂൾ ഉപയോഗിച്ച് പഠനപിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളുടെ ഭാഷാശേഷികൾ വികസിപ്പിക്കുന്നതിന് സുരീലി ഹിന്ദി ക്യാമ്പ് നൽകുന്നു. 45 മിനിട്ട് വീതമുള്ള ഓരോ സെഷനുകളിലായി 20 ദിവസം കൊണ്ട് ക്യാമ്പ് പൂർത്തിയാക്കാം.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- ജൂലൈ | വിഷയത്തിന്റെ അധ്യാപിക |

## 3. കഹാനി സേജ്

ഓരോ ക്ലാസ്സിനും ആഴ്ചയിലൊരിക്കൽ ഹിന്ദി കാർട്ടൂൺ കഥകളുടെ പ്രദർശനത്തിനായി കഥാ സേജ് എന്ന പേരിൽ ഉച്ചയ്ക്ക് 1.15 മുതൽ 1.45 വരെയുള്ള സമയം മാറ്റി വയ്ക്കുന്നു. കാർട്ടൂൺ കഥകൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കഥകൾ, ജീവചരിത്രഡോക്യുമെന്ററികൾ തുടങ്ങിയവ ഈ സമയത്ത് പ്രദർശിപ്പിക്കുകയും വിവിധ കഥാ സന്ദർഭങ്ങൾക്ക് തലക്കെട്ട് നൽകൽ, അടിക്കുറിപ്പെഴുതൽ, സംഭാഷണഭാഗം പൂരിപ്പിക്കൽ, ആസ്വാദനമെഴുതൽ തുടങ്ങിയ ഭിന്നനിലവാര പ്രവർത്തനങ്ങൾ നൽകുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് (ആഴ്ചയിലൊരിക്കൽ) | വിഷയത്തിന്റെ അധ്യാപിക |

## 4. ഹിന്ദി അസംബ്ലി

മാസത്തിലൊരിക്കൽ ഓരോ ക്ലാസ്സിലെ കുട്ടികൾ വീതം ഹിന്ദിയിലുള്ള അസംബ്ലി സംഘടിപ്പിക്കുന്നു. കുട്ടികൾ ഹിന്ദിയിലുള്ള പ്രാർത്ഥന, ചിന്താവിഷയം, പ്രഭാഷണം, ക്വിസ് തുടങ്ങിയ ഹിന്ദിയിൽ തയ്യാറാക്കി അവതരിപ്പിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് (മാസത്തിലൊരിക്കൽ) | വിഷയത്തിന്റെ അധ്യാപിക |

## d) ഭൗതികശാസ്ത്രം

**ഉപലക്ഷ്യങ്ങൾ**

1. നൂതനശാസ്ത്രാശയങ്ങൾ കുട്ടികൾക്ക് പരിചിതമാക്കൽ
2. നിരീക്ഷണങ്ങൾ, പരീക്ഷണങ്ങൾ എന്നിവയിലേർപ്പെടുന്നതിന് കുട്ടികളിൽ താൽപ്പര്യം സൃഷ്ടിക്കൽ
3. ശാസ്ത്രപദങ്ങൾ എളുപ്പത്തിൽ സ്വായത്തമാക്കുന്നതിനു വേണ്ട പിന്തുണ നൽകൽ
4. പ്രക്രിയാശേഷികളുടെ വികസനത്തിനുതകുന്ന ക്ലാസ്സ് അനുഭവങ്ങൾ ഒരുക്കൽ

**പ്രവർത്തനങ്ങൾ**

**1. സയൻസ് കിറ്റ് - ഓരോ കുട്ടിക്കും**

കാന്തങ്ങൾ, ലെൻസുകൾ, ദർപ്പണങ്ങൾ, ബൾബുകൾ, വൈദ്യുത കാന്തിക പ്രേരണവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ഉപയോഗിക്കാത്ത ഇലക്ട്രോണിക്സ് ഉപകരണങ്ങൾ തുടങ്ങിയവ സമാഹരിച്ച് ഓരോ കുട്ടിയും സയൻസ് കിറ്റ് തയ്യാറാക്കുന്നു. പഠനപ്രവർത്തനങ്ങൾക്ക് ഇവ ഉപയോഗിക്കുന്നു, ഉപയോഗങ്ങൾ /സാധ്യതകൾ കണ്ടെത്തുന്നു, ശേഖരിച്ച വസ്തുക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**2. പഠനോപകരണ നിർമാണ ശിൽപ്പശാല**

ഹൈസ്കൂൾ ക്ലാസ്സുകളിലെ പഠനപ്രവർത്തനങ്ങൾക്കാവശ്യമായി വരുന്ന പഠനോപകരണങ്ങൾ നിർമിക്കുന്നതിനായി കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി പഠനോപകരണനിർമാണശിൽപ്പശാല നടത്തുന്നു. ഉൽപ്പന്നങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ആഗസ്റ്റ് - സപ്തംബർ | വിഷയത്തിന്റെ അധ്യാപിക |

**3. സയൻസ് ലാബ് നവീകരണം**

സയൻസ് ലാബ് നവീകരിച്ച് ഉപകരണങ്ങൾ, മോഡലുകൾ എന്നിവ കുട്ടികളുടെ നേതൃത്വത്തിൽ തരംതിരിച്ച് ലേബൽ ചെയ്യുന്നു. പഠനോപകരണ നിർമാണ

ശില്പശാലയിൽ നിർമിച്ച വസ്തുക്കൾ കൂട്ടിച്ചേർത്ത് രജിസ്റ്റർ വിപുലീകരിക്കുന്നു.
ലാബ് ഉപയോഗത്തിന്റെ നിർദ്ദേശങ്ങൾ എഴുതി പ്രദർശിപ്പിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ | വിഷയത്തിന്റെ അധ്യാപിക |

**4. സയൻസ് പാർക്ക് നിർമാണം**
നിലവിലുള്ള ജൈവവൈവിധ്യ ഉദ്യാനത്തോടു ചേർന്ന് ഭൗതികശാസ്ത്രപഠനഉപകരണങ്ങൾ സജ്ജീകരിച്ച് സയൻസ് പാർക്ക് തയ്യാറാക്കുന്നു. വിൻഡ് വെയിൻ, മഴമാപിനി, കാറ്റാടിയന്ത്രം, മിന്നൽ രക്ഷാചാലകം, വർണ്ണപമ്പരങ്ങൾ, സൗരയൂഥമാതൃകകൾ തുടങ്ങിയ വസ്തുക്കൾ ഉൾപ്പെടുത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| 1-2 വർഷത്തിനകം | വിഷയത്തിന്റെ അധ്യാപിക, വിദ്യാലയവികസന പദ്ധതിയുടെ ചുമതലയുള്ള കമ്മിറ്റി |

## e) രസതന്ത്രം

**ഉപലക്ഷ്യങ്ങൾ**

1.പരീക്ഷണ-നിരീക്ഷണങ്ങളിൽ കുട്ടികൾക്ക് താൽപ്പര്യം വളർത്തുന്നതിനുതകുന്ന പ്രവർത്തനങ്ങൾ ഒരുക്കുക

2. ശാസ്ത്രപരീക്ഷണങ്ങൾ നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ക്ലാസ്സ്തലത്തിൽ സജ്ജീരിക്കുക

3. പ്രക്രിയാശേഷികളുടെ വികസനത്തിനുതകുന്ന ക്ലാസ്സ് അനുഭവങ്ങൾ ഒരുക്കൽ

**പ്രവർത്തനങ്ങൾ**

**1. സയൻസ് മാജിക് ഷോ**
ഹൈസ്കൂൾ ക്ലാസ്സുകളിലെ പാഠഭാഗങ്ങളിലെയും അനുബന്ധമായുള്ള ശാസ്ത്രവിസ്മയങ്ങൾക്ക സാധ്യതയുള്ള പരീക്ഷണങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി സയൻസ് മാജിക് ഷോ നടത്തൽ, ഓരോന്നിലുമുള്ള ശാസ്ത്രതത്വങ്ങൾ ചർച്ചചെയ്യൽ, പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ, കുട്ടികൾ സ്വന്തമായി ഇവ

പരീക്ഷണങ്ങൾ ചെയ്യൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ഫെബ്രുവരി | വിഷയത്തിന്റെ അധ്യാപിക |

**2. ക്ലാസ്സ് ലാബുകൾ തയ്യാറാക്കൽ**

ഓരോ ക്ലാസ്സിലും പെട്ടെന്ന് പരീക്ഷണങ്ങൾ ചെയ്യുന്നതിനുള്ള ലഘു ഉപകരണങ്ങൾ സജ്ജീകരിച്ച് ക്ലാസ്സ് ലാബുകൾ ഒരുക്കുന്നു. ഇവയിലെ വസ്തുക്കൾ സയൻസ് ലാബിൽ നിന്നും ശേഖരിക്കുന്നു. കുട്ടികൾ ഇവയുടെ ലിസ്റ്റ് തയ്യാറാക്കി വയ്ക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ | വിഷയത്തിന്റെ അധ്യാപിക |

## f) ജീവശാസ്ത്രം

**ഉപലക്ഷ്യങ്ങൾ**

1. സ്വാഭാവിക ചുറ്റുപാടിൽ നിന്ന് ജീവശാസ്ത്രപഠനം നടത്തുന്നതിലൂടെ കുട്ടികളിൽ പഠനതാൽപ്പര്യം വളർത്തൽ

2. കുട്ടികളിലെ ശാസ്ത്രബോധം വളർത്തൽ

3. ശുചിത്വം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ അറിവും പ്രയോഗിക പരിജ്ഞാനവും നേടൽ

4. നാട്ടറിവുകൾ ശേഖരിക്കൽ

**പ്രവർത്തനങ്ങൾ**

**1. നാട്ടറിവു യാത്രകൾ**

പ്രദേശത്ത് വിവിധ വിളകൾ കൃഷി ചെയ്യുന്ന കർഷകരുടെ അടുത്തേയ്ക്കും കൃഷിസ്ഥലങ്ങളിലേയ്ക്കും നാട്ടറിവുയാത്രകൾ എന്ന പേരിൽ കുട്ടികളുടെ വിവിധ ഗ്രൂപ്പുകളിലായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. ശേഖരിച്ച വിവരങ്ങൾ സെമിനാറായി മറ്റു കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കുന്നു. റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ഒക്ടോബർ | വിഷയത്തിന്റെ അധ്യാപിക |

## 2. 'പ്രകൃതി പുസ്തകം'

ഓരോ കുട്ടിയും നടത്തുന്ന പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, ഓരോരുത്തരുടെയും ശുചിത്വശീലങ്ങൾ, ശേഖരിക്കുന്ന നാട്ടറിവുകൾ, പരിസ്ഥിതി ചിത്രങ്ങൾ ഇടങ്ങിയവ പ്രകൃതി പുസ്തകം എന്ന പേരിൽ പ്രത്യേകം പുസ്തകത്തിൽ ഓരോരുത്തരും സമാഹരിക്കുന്നു. ഇവ ഓരോ ടേമിലും ക്ലാസ് പി.ടി.എ.കളിലും പൊതുവായി പ്രദർശിപ്പിക്കുന്നു. അധ്യാപിക മികച്ച പുസ്തകങ്ങൾ തയ്യാറാക്കിയവരെ അഭിനന്ദിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

## 3. ക്യാമ്പസ് പരിസ്ഥിതി പഠനം

ആറേക്കർ വരുന്ന സ്കൂൾ ക്യാമ്പസിലെ ജീവീയ അജീവീയ ഘടകങ്ങൾ, അവ തമ്മിലുള്ള പരസ്പര ബന്ധം, ആവാസവ്യവസ്ഥകൾ, ശലഭോദ്യാനം, ഔഷധോദ്യാനം ഇടങ്ങിയവ പ്രൊജക്ട് രൂപത്തിൽ ഓരോ കുട്ടിയും പഠനവിധേയമാക്കുന്നു. റിപ്പോർട്ട് പൊതു അവതരണം നടത്തുകയും സ്വയം വിലയിരുത്തുകയും ചെയ്യുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

## 4. ഏകദിന കാർഷികശിൽപ്പശാല

ഹൈഡ്രോപോണിക്സ്, എയ്റോപോണിക്സ് ഇടങ്ങിയ ആധുനിക കാർഷിക സമ്പ്രദായങ്ങളെപ്പറ്റി കുട്ടികൾ അധ്യാപകന്റെ സഹായത്താൽ പഠനം നടത്തുകയും പ്രദേശത്തെ കർഷകർക്കു മുമ്പിൽ ക്ലാസ്സായി അവതരിപ്പിക്കുകയും ചെയ്യുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ചിങ്ങം 1 (കർഷക ദിനം) | വിഷയത്തിന്റെ അധ്യാപിക |

### 5. നഴ്സറി നിർമാണം

പ്രദേശത്തെ പ്രാക്തന ഗോത്രവിഭാഗങ്ങളായ പണിയ, കാട്ടുനായ്ക്ക എന്നീ വിഭാഗങ്ങൾ ഉപയോഗിക്കുന്ന മരുന്ന് ചെടികൾ, ആഹാരത്തിനുപയോഗിക്കുന്ന സസ്യങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവയുടെ ലിസ്റ്റ് കുട്ടികൾ തയ്യാറാക്കി അവയുടെ തൈകൾ/വിത്തുകൾ ശേഖരിച്ച് നഴ്സറി തയ്യാറാക്കുന്നു. ഈ ചെടികളുടെ സവിശേഷതകൾ പ്രത്യേകം രജിസ്റ്ററായി തയ്യാറാക്കുന്നു. ഇവ പിന്നീട് സ്കൂൾ മാർക്കറ്റിനായി ഉപയോഗിക്കാം (ഭാഗം 7 ലെ സ്കൂളിന്റെ സവിശേഷ പ്രവർത്തനങ്ങൾ കാണുക)

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
| --- | --- |
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

### 6. പെഡിഗ്രീ അനാലിസിസ്

കുട്ടികൾ പ്രദേശത്തെ തെരഞ്ഞെടുത്ത കുടുംബങ്ങളുടെ ബന്ധങ്ങൾ പഠനം നടത്തുന്നു. തുടർന്ന് പെഡിഗ്രീ അനാലിസിസിന്റെ റിപ്പോർട്ട് തയ്യാറാക്കിയ ശേഷം അവതരിപ്പിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
| --- | --- |
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

## g) സാമൂഹ്യശാസ്ത്രം

**ഉപലക്ഷ്യങ്ങൾ**

1. പ്രാദേശിക ചരിത്രരചന നടത്തുന്നതിനും കുട്ടികളുടെ ചരിത്രബോധം വികസിപ്പിക്കുന്നതിനും
2. ജനാധിപത്യബോധം വളർത്തുന്നതിനും ജനാധിപത്യനടപടികളെപ്പറ്റി ധാരണ രൂപീകരിക്കുന്നതിനും
3. സാമൂഹ്യശാസ്ത്രപഠനത്തിനാവശ്യമായ വിഭവങ്ങൾ പ്രാദേശികമായി ശേഖരിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും

**പ്രവർത്തനങ്ങൾ**

### 1. മോക്ക് പാർലമെന്റും 'ക്ലാസ്സ് സഭകളും'

ഇലക്ട്രോണിക് വോട്ടിങ് രീതി ഉപയോഗിച്ച് സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്

നടത്തിയ ശേഷം പാർലമെന്റ് അംഗങ്ങൾക്ക് വിവിധ ചുമതലകൾ നൽകുന്നു. തുടർന്ന് മോക്ക് പാർലമെന്റ് നടത്തുന്നു.

ഓരോ ക്ലാസ്സിലും **ക്ലാസ്സ് സഭകൾ** രൂപീകരിച്ച് ശുചിത്വം, അച്ചടക്കം തുടങ്ങിയ മേഖലകളിൽ ഓരോരുത്തർക്കും ചുമതല നൽകുകയും ഇടയ്ക്കിടെ സഭ ചേർന്ന് ഇവ വിലയിരുത്തുകയും ചെയ്യുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

## 2. സാമൂഹ്യശാസ്ത്രലാബ് സജ്ജീകരണം

ഓരോ ക്ലാസ്സിലും സാമൂഹ്യശാസ്ത്രലാബിലേക്കുള്ള സാമഗ്രികളുടെ ലിസ്റ്റ് ചർച്ച ചെയ്തതിനുശേഷം കുട്ടികൾ ലാബ് സജ്ജീകരിക്കുന്നതിനാവശ്യമായ വിവിധ മണ്ണിനങ്ങൾ, ധാന്യങ്ങൾ, പഴയ ഉപകരണങ്ങൾ തുടങ്ങിയവ സ്കൂളിലെത്തിച്ച് സാമൂഹ്യശാസ്ത്രലാബ് ക്രമീകരിക്കുന്നു. ഹൈസ്കൂൾ വിഭാഗത്തിലെ ഒരു ക്ലാസ്സ്മുറിയുടെ കോർണറിൽ അലമാരകൾ ഇതിനായി ക്രമീകരിക്കാം. കുട്ടികൾ തന്നെ അവർ ശേഖരിച്ച വസ്തുക്കളുടെ പേരുകൾ പ്രത്യേകതകൾ എന്നിവ കണ്ടെത്തി ലേബൽ ചെയ്യുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- ജൂലൈ | വിഷയത്തിന്റെ അധ്യാപിക |

## 3. പ്രാദേശികചരിത്രരചന

ഓടപ്പള്ളം , വള്ളുവാടി, പഴേരി, വടക്കനാട്, കരുവള്ളിക്കുന്ന് എന്നീ സ്ഥലങ്ങളുടെ ചരിത്രരചന വിവിധ ഗ്രൂപ്പുകളിലായി നിർവ്വഹിക്കുന്നു. പ്രാദേശിക ചരിത്രങ്ങൾ സമാഹരിച്ച് ഒരു പുസ്തകമാക്കി പ്രിന്റ് ചെയ്ത ശേഷം സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറികൾ, പ്രദേശത്തെ അർച്ചന ലൈബ്രറി, കരുവള്ളിക്കുന്ന് ലൈബ്രറി, വിനോദ് ലൈബ്രറി തുടങ്ങിയ ലൈബ്രറികൾക്ക് പഠനത്തിനും റഫറൻസിനുമായി വിതരണം ചെയ്യുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ഒന്നാം ടേം - അവധിക്കാലം | വിഷയത്തിന്റെ അധ്യാപിക |

## h) ഗണിതം

**ഉപലക്ഷ്യങ്ങൾ**

1. ഗണിതത്തിലെ അടിസ്ഥാനശേഷികൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പു വരുത്തൽ

2. കുട്ടികളിൽ ഗണിത പഠനതാൽപ്പര്യം വളർത്തുക

3. പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഗണിതശാസ്ത്രത്തെ ഉപയോഗപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക

**പ്രവർത്തനങ്ങൾ**

### 1. 'ഗണിത ചർച്ചാക്കൂട്ടം'

ലൈബ്രറി സഹായത്തോടെ വിവിധ ഗണിത ഉപവിഷയങ്ങൾ കുട്ടികളുടെ ഗ്രൂപ്പുകൾ റഫർ ചെയ്യുകയും ശേഖരിച്ച വിവരങ്ങൾ അധ്യാപകന്റെ സഹായത്തോടെ ഓരോ ക്ലാസ്സിലും ആഴ്ചയിൽ ഉച്ചയ്ക്ക് 1.15 മുതൽ 1.45 വരെ നടക്കുന്ന ഗണിതചർച്ചാക്കൂട്ടത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

### 2. 'ഒപ്പം- ഒപ്പത്തിനൊപ്പം' വർക്ക് ഷീറ്റുകൾ

ഗണിത പഠനത്തിൽ അടിസ്ഥാനശേഷികൾ നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് വേണ്ടി ഐ.സി.ടി.സഹായത്തോടെ വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. ഇവ അധ്യാപികയും ഗണിതത്തിൽ പഠനമികവ് കാണിക്കുന്ന കുട്ടികളും ചേർന്ന് അടിസ്ഥാനശേഷികൾ നേടിയിട്ടില്ലാത്ത പ്രത്യേക ശ്രദ്ധ ആവശ്യമായ കുട്ടികൾക്ക് നൽകുന്നു. വർക്ക് ഷീറ്റുകൾ ചെയ്യുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. അടിസ്ഥാന ക്രിയകൾ, സംഖ്യാബോധം, ലഘു ജ്യാമിതീയ രൂപങ്ങൾ തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് ഇവ തയ്യാറാക്കുക.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**3. ഗണിതമാസികകൾ**

അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ കുട്ടികൾ കണ്ടെത്തുകയും ശേഖരിക്കുകയും ചെയ്യുന്ന ആശയങ്ങളും ചിത്രങ്ങളും ഉൾപ്പെടുത്തി കയ്യെഴുത്തുമാസിക തയ്യാറാക്കുന്നു. ഇത് വികസിപ്പിച്ച് പിന്നീട് ഉപജില്ലാതല മത്സരങ്ങളിലേക്ക് പങ്കെടുപ്പിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
| --- | --- |
| ജൂലൈ - ആഗസ്റ്റ് | വിഷയത്തിന്റെ അധ്യാപിക |

## i) Career Guidance

**ഉപലക്ഷ്യങ്ങൾ**

1. ഹൈസ്കൂൾ വിഭാഗം കുട്ടികൾക്ക് വിവിധ തൊഴിൽ മേഖലകളെ സംബന്ധിച്ച ധാരണ നൽകുന്നതിന്

**പ്രവർത്തനം**

**1. കരിയർ ഗൈഡൻസ് ശിൽപ്പശാല**

9,10 ക്ലാസ്സുകളിലെ കുട്ടികൾക്ക് വിവിധ കോഴ്സുകൾ, ജോലി സാധ്യതകൾ, യോഗ്യതകൾ എന്നിവ സംബന്ധിച്ച കരിയർ ഗൈഡൻസ് ക്ലാസ്സ് നൽകുന്നു. ശിൽപ്പശാലയുടെ നടത്തിപ്പിന് പ്രദേശത്തെ ക്ലബ്ബുകളുടെ സഹകരണം കൂടി ലഭ്യമാകുന്നു. പ്രദേശവാസികളെയും ശിൽപ്പശാലയിൽ ഉൾപ്പെടുത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
| --- | --- |
| ജൂൺ | കരിയർഗൈഡൻസിന്റെ ചുമതലയുള്ള അധ്യാപിക |

## j) Adolescence Education

**ലക്ഷ്യങ്ങൾ**

1. കൗമാരപ്രായത്തിലുള്ള മാനസിക-ശാരീരിക വികാസം, പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് പ്രത്യേക ക്ലാസ്സും കൗൺസിലിങ്ങും നൽകൽ

**പ്രവർത്തനം**

**1. കൗൺസിലിങ് ക്ലാസ്സ്**

കൗമാരപ്രായത്തിലുള്ള മാനസിക-ശാരീരിക വികാസം, പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് പ്രത്യേക ക്ലാസ്സും കൗൺസിലിങ്ങും നൽകുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
| --- | --- |
| ഒക്ടോബർ | കൗൺസിലറുടെ ചുമതലയുള്ള അധ്യാപിക |

# 4. ക്ലബ്ബ് പ്രവർത്തനങ്ങൾ

## a) സയൻസ് ക്ലബ്ബ് (ഗലീലിയോ ക്ലബ്ബ്)

**ഉപലക്ഷ്യം**

1. കുട്ടികളിൽ ശാസ്ത്രതാൽപ്പര്യം വർദ്ധിപ്പിക്കുന്നതിനും അന്വേഷണത്വര സൃഷ്ടിക്കുന്നതിനും

**പ്രവർത്തനങ്ങൾ**

**1. വാനനിരീക്ഷണ ക്യാമ്പ്**

കുട്ടികൾക്ക് വാനനിരീക്ഷണ ക്ലാസ്സ് നൽകിയ ശേഷം വാനനിരീക്ഷണത്തിന് അവസരം നൽകുന്നു. ഓരോ ദിവസവും വാനനിരീക്ഷണം നടത്തിയ ശേഷം കുട്ടികൾ കുറിപ്പ് തയ്യാറാക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ഫെബ്രുവരി | ക്ലബ്ബ് കോർഡിനേറ്റർ |

**2. സയൻസ് ന്യൂസ് പേപ്പർ**

പരിസ്ഥിതി ദിനം, ദേശീയ ശാസ്ത്രദിനം, ഓസോൺ ദിനം, ചാന്ദ്രദിനം എന്നീ ദിനങ്ങളോടനുബന്ധിച്ച് കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ന്യൂസ് പേപ്പറുകൾ തയ്യാറാക്കുന്നു. ഇതിനായി ഓരോ വർഷവും പ്രത്യേകം എഡിറ്റോറിയൽ ബോർഡുകൾ രൂപീകരിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ, ജൂലൈ, സപ്തംബർ, ഫെബ്രുവരി | ക്ലബ്ബ് കോർഡിനേറ്റർ |

**3. ദിനാചരണ ക്വിസ്**

പരിസ്ഥിതി ദിനം, ദേശീയ ശാസ്ത്രദിനം, ഓസോൺ ദിനം, ചാന്ദ്രദിനം എന്നീ ദിനങ്ങളോടനുബന്ധിച്ച് ഒരു ദിവസം കുട്ടികൾക്കായി ഡോക്യുമെന്ററി പ്രദർശനം/പ്രത്യേക ക്ലാസ്സ് നൽകുന്നു. രണ്ടാം ദിവസം ക്വിസ് മത്സരം നടത്തുന്നു. ക്വിസിനായുള്ള ചോദ്യങ്ങൾ, സ്ലൈഡുകൾ എന്നിവ ക്ലബ്ബിലെ കുട്ടികൾ തയ്യാറാക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ, ജൂലൈ, സെപ്റ്റംബർ, ഫെബ്രുവരി | ക്ലബ്ബ് കോർഡിനേറ്റർ |

## b) പരിസ്ഥിതി ക്ലബ്ബ് ( മഞ്ചാടി ക്ലബ്ബ്)

**ഉപലക്ഷ്യങ്ങൾ**

1. കുട്ടികളിൽ പരിസ്ഥിതിപഠനതാൽപ്പര്യം വളർത്തുന്നതിനും പ്രാദേശിക സാധ്യതകൾ പരിസ്ഥിതി പഠനത്തിൽ ഉപയോഗപ്പെടുത്തുന്നതിനും

**പ്രവർത്തനങ്ങൾ**

**1. പരിസ്ഥിതി കലണ്ടർ നിർമാണം**

പരിസ്ഥിതിയുമായി ബന്ധപ്പെട്ട( കൃഷി, വനം, ജലം...) പ്രധാന ദിനങ്ങൾ കണ്ടെത്തി പരിസ്ഥിതി ക്ലബ്ബ് അംഗങ്ങളായ കുട്ടികൾ പരിസ്ഥിതി കലണ്ടർ നിർമിക്കുന്നു. വിവിധ ക്ലാസ്സുകളിലേക്ക് പകർപ്പ് നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

**2. പരിസ്ഥിതി പത്രം നിർമാണം**

പരിസ്ഥിതി ക്ലബ്ബ് അംഗങ്ങളിൽ നിന്ന് പ്രത്യേക എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ച് കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പരിസ്ഥിതി പത്രം A3 സൈസിൽ അച്ചടിച്ച് പുറത്തിറക്കുന്നു. പത്രം കുട്ടികൾക്കും ഗ്രാമസഭകളിലും വിതരണം ചെയ്യുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ | ക്ലബ്ബ് കോർഡിനേറ്റർ |

**3. റെയിൻ രജിസ്റ്റർ നിർമാണം**

ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ റെയിൻ ഗേജ് ഉപയോഗിച്ച് മഴ അളക്കുകയും വിവിധ ദിവസങ്ങളിലെ അളവുകൾ പട്ടികപ്പെടുത്തി അപഗ്രഥിച്ച് റെയിൻ രജിസ്റ്റർ നിർമിക്കുകയും ചെയ്യുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

**4. പ്രതിമാസ ക്വിസ് മത്സരങ്ങളും തൈ വിതരണവും**

കുട്ടികൾ വഴി വൃക്ഷത്തൈകൾ , ചെടികൾ എന്നിവ ശേഖരിക്കുകയും പോളിത്തീൻ ബാഗുകൾ കുട്ടികൾക്ക് നൽകി അവയിൽ തൈകൾ നട്ടു പിടിപ്പിക്കുകയും ചെയ്യുന്നു. ഓരോ മാസവും ക്ലബ്ബ് അംഗങ്ങൾ തന്നെ ചോദ്യങ്ങൾ തയ്യാറാക്കി ക്വിസ് മത്സരങ്ങൾ നടത്തുകയും വിജയികൾക്ക് തൈകൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

## c) ഗണിത ക്ലബ്ബ് ( BODMAS ക്ലബ്ബ്)

**ഉപലക്ഷ്യങ്ങൾ**

1. ഗണിത പഠനതാൽപ്പര്യം വളർത്തുകയും ഗണിത പഠനത്തിലെ സർഗ്ഗാത്മകത ആസ്വദിക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുക

**പ്രവർത്തനങ്ങൾ**

### 1. PUZZLE BOARD

ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ പൊതുവായി പസിൽ ബോർഡ് സ്ഥാപിക്കുന്നു. ഓരോ ആഴ്ചയും ഗണിത ക്ലബ്ബ് അംഗങ്ങൾ ഗണിതപസിലുകൾ ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഉത്തരങ്ങൾ ശേഖരിക്കുന്നതിന് പ്രത്യേകം ബോക്സ് സ്ഥാപിക്കുന്നു. ശരിയുത്തരങ്ങൾ പരിശോധിച്ച് അസംബ്ലികളിൽ വിജയികളെ അഭിനന്ദിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

**2. ഗണിത പൂക്കള നിർമാണ മത്സരം**

ആഗസ്റ്റ് മാസത്തിൽ കുട്ടികൾക്കായി ഗണിത പൂക്കള മത്സരം നടത്തുന്നു. കമ്പ്യൂട്ടർ സഹായത്തോടെ പൂക്കളം നിർമിക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ആഗസ്റ്റ് - സെപ്റ്റംബർ | ക്ലബ്ബ് കോർഡിനേറ്റർ |

## d) English Club (Saplings Club)

**Objectives:**

1. Create situations for the students to use English naturally
2. Help the students to get more exposure to the language from the society

**Activities:**

**1. Drama fest**

English dramas are exhibited using ICT for one week . Discussions are conducted based on the scenes and characters.

| *Time period* | *Coordinator* |
|---|---|
| October | Club coordinator |

**2. English news board**

A news board will be established in the school to paste news and interesting descriptions in English. Members in English club updates the news board using the newspapers and magazines.

| *Time period* | *Coordinator* |
|---|---|
| June – March | Club coordinator |

## e) ഹിന്ദി ക്ലബ്ബ് (മധുപൻ ക്ലബ്ബ്)

**ഉപലക്ഷ്യങ്ങൾ**

1. ഹിന്ദി പഠനത്തിൽ താൽപ്പര്യമുണർത്തുന്ന വിധം നിത്യജീവിതവുമായി ബന്ധപ്പെടുത്തി പഠനപ്രവർത്തനങ്ങൾ നടത്തുക

2.സ്വാഭാവിക സാഹചര്യത്തിൽ ഹിന്ദി ഉപയോഗിക്കാനുള്ള അവസരം സൃഷ്ടിക്കുക

**പ്രവർത്തനങ്ങൾ**

**1. ഹിന്ദി ദിനാചരണം**

സെപ്റ്റംബർ 14 ന് ഹിന്ദി ദിനാചരണത്തോടനുബന്ധിച്ച് പോസ്റ്റർ രചന, പ്രഭാഷണം

എന്നിവ നടത്തുന്നു. ക്ലബ്ബംഗങ്ങൾ നേതൃത്വം നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| സെപ്റ്റംബർ | ക്ലബ്ബ് കോർഡിനേറ്റർ |

## 2. പ്രേംചന്ദ് ദിനാചരണം

പ്രേംചന്ദ് ദിനാചരണത്തോടനുബന്ധിച്ച് സെമിനാർ സംഘടിപ്പിക്കുന്നു. സെമിനാറിനോടനുബന്ധിച്ച് കുട്ടികൾ നോട്ടീസുകൾ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂലൈ 14 | ക്ലബ്ബ് കോർഡിനേറ്റർ |

# f) സാമൂഹ്യശാസ്ത്രക്ലബ്ബ് (നേതാജി ക്ലബ്ബ്)

## ഉപലക്ഷ്യങ്ങൾ

## 1. ഗ്രാമപഠനവും ഡോക്യുമെന്ററി നിർമാണവും

പ്രാദേശിക ചരിത്രം തയ്യാറാക്കുകയും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അഭിമുഖങ്ങൾ, സ്ഥലസന്ദർശനങ്ങൾ എന്നിവ നടത്തി മാടപ്പള്ളം എന്ന പ്രദേശം വിദ്യാലയം എന്നിവയെപ്പറ്റി ചെറു ഡോക്യുമെന്ററി തയ്യാറാക്കുകയും ചെയ്യുന്നു. ഇതിനായി കുട്ടികൾക്ക് കൃത്യമായ ചുമതലകൾ നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജനുവരി | ക്ലബ്ബ് കോർഡിനേറ്റർ |

## 2. നിയമപഠനക്ലാസ്സ്

മനുഷ്യാവകാശ ദിനാചരണത്തോടനുബന്ധിച്ച് കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങളുടെ വിശദാംശങ്ങൾ നൽകുന്ന നിയമപഠനക്ലാസ്സ് നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ഡിസംബർ | ക്ലബ്ബ് കോർഡിനേറ്റർ |

## g) വിദ്യാരംഗം കലാസാഹിത്യവേദി

**ഉപലക്ഷ്യങ്ങൾ**

1.ഭാഷ, സാഹിത്യം എന്നിവയിൽ കുട്ടികൾക്ക് താൽപ്പര്യം വളർത്തുന്നതിന്

2. വിവിധ വ്യവഹാരരൂപങ്ങൾ ആസ്വദിക്കുന്നതിനും വിലയിരുത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ

**പ്രവർത്തനങ്ങൾ**

### 1. കവിതാശിൽപ്പശാല

പ്രശസ്ത കവികളെ സ്കൂളിലെത്തിച്ച് കവിതാരചന, രചനാ സങ്കേതങ്ങൾ എന്നിവ സംബന്ധിച്ച് കുട്ടികൾക്ക് പരിശീലനം നൽകുകയും കവിതകൾ രചിക്കാൻ കുട്ടികൾക്ക് പ്രചോദനം നൽകുകയും ചെയ്യുന്നു. കുട്ടികളുടെ രചനകൾ കയ്യെഴുത്ത് സമാഹാരമായി പുറത്തിറക്കുന്നു. മികച്ചവ സ്കൂൾ മാഗസിനിൽ ഉൾപ്പെടുത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ഡിസംബർ | ക്ലബ്ബ് കോർഡിനേറ്റർ |

### 2. അനുസ്മരണ സദസ്സുകൾ

വയലാർ അനുസ്മരണം, ഒ.എൻ.വി.അനുസ്മരണം എന്നിവ നടത്തുകയും കാവ്യാലാപന മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ഗാനങ്ങൾ, കവിതകൾ എന്നിവ ശേഖരിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

### 3. വായനാവാരാചരണ പരിപാടികൾ

ജൂൺ 19 മുതലുള്ള ഒരാഴ്ച വായനാസെമിനാർ, പുസ്തകാവതരണസദസ്സ്, കാവ്യാലാപനസദസ്സ് തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ 19-25 | ക്ലബ്ബ് കോർഡിനേറ്റർ |

## h) ലഹരി വിരുദ്ധക്ലബ്ബ്

**ഉപലക്ഷ്യങ്ങൾ**

1. കുട്ടികളിൽ ലഹരി വിരുദ്ധമനോഭാവം സൃഷ്ടിക്കുകയും ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ താൽപ്പര്യം വളർത്തുകയും ചെയ്യൽ

**പ്രവർത്തനങ്ങൾ**

**1. കുട്ടികളുടെ ക്ലാസ്സുകൾ**

അന്താരാഷ്ട്രലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് (ജൂൺ 29) കുട്ടികൾ പ്രദേശത്തെ കോളനികളിൽ ക്ലാസ്സുകൾ നടത്തുന്നു. പോസ്റ്റർ പ്രദർശനം, നാടകാവതരണം എന്നിവയും ഇതോടൊപ്പം നടത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

## i) ശുചിത്വ ക്ലബ്ബ്

**ഉപലക്ഷ്യങ്ങൾ**

1. വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി കുട്ടികൾക്ക് ധാരണയുണ്ടാക്കൽ

2. ശുചിത്വ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കൽ, ശുചിത്വ ശീലങ്ങൾ വളർത്തൽ

**പ്രവർത്തനങ്ങൾ**

**1. ക്ലാസ്സ്റൂം പൂന്തോട്ടങ്ങൾ**

ക്ലാസ്സ്റൂം പൂന്തോട്ടങ്ങൾ സ്ഥാപിക്കാൻ ഓരോ ക്ലാസ്സിലെയും ശുചിത്വ ക്ലബ്ബ് അംഗങ്ങൾ നേതൃത്വം നൽകുന്നു. ഓരോ കുട്ടിയുടെ വീട്ടിൽ നിന്നും കൊണ്ടു വരുന്ന ചെടികൾ കൃത്യമായ പ്ലാനോടെ ക്ലാസ്സ് പരിസരത്ത് വച്ചു പിടിപ്പിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- ജൂലൈ | ക്ലബ്ബ് കോർഡിനേറ്റർ |

**2. മാലിന്യം ഇനം തിരിക്കൽ**

വിവിധയിനം മാലിന്യങ്ങൾ സംസ്കരിക്കാൻ ഓരോന്നിനും പ്രത്യേകം ബിന്നുകൾ കാമ്പസിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നു. ഇവയിലെ മാലിന്യങ്ങൾ ഇനം തിരിക്കുന്നു. പുനരുപയോഗസാധ്യതയുള്ളവ ശേഖരിച്ച് വിൽക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

**3. ഡ്രൈ ഡേ ആചരണം**

ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരിക്കുന്നു. ക്യാമ്പസിലെ കെട്ടിക്കിടക്കുന്ന വെള്ളം വൃത്തിയാക്കി ശുചീകരിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | ക്ലബ്ബ് കോർഡിനേറ്റർ |

## j) Fountain Pen Club

**ഉപലക്ഷ്യങ്ങൾ**

1. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വിപത്തിനെപ്പറ്റി കുട്ടികളിൽ അവബോധം സൃഷ്ടിക്കൽ, മഷിപ്പേനയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ
2. സൗന്ദര്യാത്മകമായ എഴുത്തിന് വേണ്ടുന്ന പരിശീലനം കുട്ടികൾക്ക് നൽകൽ

**പ്രവർത്തനങ്ങൾ**

**1. 'എല്ലാവർക്കും മഷിപ്പേനകൾ'**

പ്രാദേശികക്കൂട്ടായ്മകളുടെയും വ്യക്തികളുടെയും സഹായത്തോടെ എല്ലാ ക്ലാസ്സിലെ കുട്ടികളും മഷിപ്പേനകൾ ഉപയോഗിക്കുന്നതിന് സഹായിക്കുക. ഓരോ ക്ലാസ്സിനും പ്രത്യേകം മഷിക്കുപ്പികൾ ആ ക്ലാസ്സിലെ കുട്ടികളുടെ കൂട്ടായ്മയോടെ ക്രമീകരിക്കുക.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- ജൂലൈ | ക്ലബ്ബ് കോർഡിനേറ്റർ |

**2. കാലിഗ്രാഫി പരിശീലനം**

കാലിഗ്രാഫി രീതിയിൽ മനോഹരമായി മലയാളം, ഇംഗ്ലീഷ് ഭാഷകൾ എഴുതുന്നതിന് കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
| --- | --- |
| ആഗസ്റ്റ് | ക്ലബ്ബ് കോർഡിനേറ്റർ |

## k) ബയോഡൈവേഴ്സിറ്റി ക്ലബ്ബ്

**ഉപലക്ഷ്യങ്ങൾ**

1. ജൈവവൈവിധ്യം, അതിന്റെ പ്രാധാന്യം, സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച് ധാരണ രൂപീകരിക്കുന്നതിന്

**പ്രവർത്തനങ്ങൾ**

**1. ശലഭ ക്ലാസ്സ്**

ചിത്രശലഭങ്ങൾ, അവയുടെ ആതിഥേയ സസ്യങ്ങൾ , പ്രത്യേകതകൾ, ശലഭ പാർക്ക് വിപുലീകരണം എന്നിവ സംബന്ധിച്ച് കുട്ടികൾക്ക് ക്ലാസ്സ് നൽകുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
| --- | --- |
| ജൂൺ | ക്ലബ്ബ് കോർഡിനേറ്റർ |

**2. ശാന്തിസ്ഥലി നിർമാണം**

വിശദാംശങ്ങൾക്ക് ഭാഗം 6 ലെ അക്കാദമിക മികവിനായുള്ള ഭൗതികസാഹചര്യ വികസന പ്രവർത്തനങ്ങൾ കാണുക.

# 5. സമൂഹ പിന്തുണയിലൂന്നിയ അക്കാദമിക പ്രവർത്തനങ്ങൾ

### ഉപലക്ഷ്യങ്ങൾ

1. പഠനപ്രവർത്തനങ്ങൾക്ക് സാമൂഹ്യ പിന്തുണ ഉപയോഗിക്കുക

2. വികസനത്തിന് ഗ്രാമവും വിദ്യാലയവും കൈകോർക്കൽ, ഗ്രാമത്തിനും വിദ്യാലയത്തിനും വികസനം സൃഷ്ടിക്കൽ

3. കുട്ടികളുടെ ഗാർഹിക പഠനാന്തരീക്ഷം മെച്ചപ്പെടുത്തലും പഠനത്തിന് രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും സഹായം ഉറപ്പിക്കൽ

### പ്രവർത്തനങ്ങൾ

### 1. വായനാമുറ്റങ്ങൾ

ഓരോ പ്രദേശത്തെയും വായനശാലകളുടെ സഹായത്തോടെ കുട്ടികളുടെ അമ്മമാർക്ക് പുസ്തകവിതരണം നടത്തുന്നു. സ്കൂളിൽ നിന്ന് കുട്ടികൾക്കും പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. പ്രദേശത്തെ ഒരു വീട്ടുമുറ്റത്ത് നടക്കുന്ന വായനാമുറ്റത്തിൽ അമ്മമാരുടെയും കുട്ടികളുടെയും പുസ്തകാവതരണങ്ങളും കലാപരിപാടികളും നടക്കുന്നു. അതോടൊപ്പം കോർണർ പി.ടി.എയും പ്രദേശത്ത് രൂപീകരിക്കപ്പെട്ട എഡ്യുക്കേഷൻ വൊളണ്ടിയർ ഗ്രൂപ്പ് മീറ്റിങ്ങും നടക്കുന്നു. സ്കൂൾ വികസന പ്രവർത്തനങ്ങൾ, കുട്ടികളുടെ പഠനപുരോഗതി, പഠനസൗകര്യങ്ങൾ എന്നിവ ചർച്ച ചെയ്യുന്നു. പ്രാദേശികലൈബ്രറി കുട്ടികൾ ഉപയോഗിക്കുന്നു എന്നുറപ്പാക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
| --- | --- |
| ഒരു ടേമിൽ ഒന്ന് വീതം | വിദ്യാലയവികസന പദ്ധതിയുടെ ചുമതലയുള്ള കമ്മിറ്റി |

### 2. അതിഥിക്കൊപ്പം അരമണിക്കൂർ

പ്രദേശത്തെ വ്യത്യസ്ത മേഖലകളിൽ വിദഗ്ധരായവരെ പി.ടി.എ., എഡ്യുക്കേഷൻ വൊളണ്ടിയർ ഗ്രൂപ്പുകൾ എന്നിവ വഴി ലിസ്റ്റ് ചെയ്യുന്നു. എൽ.പി, യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ മാസത്തിലൊരിക്കൽ ഒരു അതിഥി എന്ന രീതിയിൽ ഉച്ചക്ക് 1.15

മുതൽ 1.45 വരെയുള്ള സമയം അതിഥി ക്ലാസ്സുകൾ നടത്തുന്നു. കുട്ടികൾ അനുഭവക്കുറിപ്പുകൾ തയ്യാറാക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച്<br>ഉച്ചയ്ക്ക് 1.15 മുതൽ 1.45 വരെയുള്ള സമയം( മാസത്തിൽ ഒന്ന് വീതം) | വിദ്യാലയവികസന പദ്ധതിയുടെ ചുമതലയുള്ള അധ്യാപകർ |

# 6. അക്കാദമിക മികവിനായുള്ള ഭൗതികസാഹചര്യ വികസന പ്രവർത്തനങ്ങൾ

**ഉപലക്ഷ്യങ്ങൾ**

1. പഠനപ്രവർത്തനങ്ങൾക്കനുയോജ്യമായ രീതിയിൽ സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ കൂടുതൽ വികസിപ്പിക്കുക

2. ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടോടെ സ്കൂൾ ക്യാമ്പസിന്റെ സാധ്യതകൾ പഠനപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന്

**പ്രവർത്തനങ്ങൾ**

### 1. Building as a learning aid

Building as a learning aid എന്ന സാധ്യത ഉപയോഗപ്പെടുത്തി എൽ.പി. ക്ലാസ്സുകളിലെ ജനാലകളെയും വാതിലുകളെയും ഭിത്തികളെയും പഠനോപകരണങ്ങളാക്കി മാറ്റുന്നതിനായി വിവിധ മുത്തുകൾ, വളകൾ എന്നിവ ജനലുകളിൽ ക്രമീകരിച്ച് അബാക്കസ് നിർമാണം, ഭിത്തികളിൽ സ്കെയിലുകൾ, ജ്യാമിതീയ രൂപങ്ങൾ എന്നിവയുടെ ചിത്രീകരണം, പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ഓരോ ക്ലാസ്സിലും വരയ്ക്കൽ എന്നിവ ചെയ്യുന്നു. പെയിന്റിങ്, സ്റ്റിക്കർ പ്രിന്റിങ് സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | എസ്.ആർ.ജി. |

**2. സയൻസ് പാർക്ക് നിർമാണം**

പ്രവർത്തനവിശദാംശങ്ങൾക്ക് വിഭാഗം 3(d)-(ഭൗതികശാസ്ത്രം) കാണുക

**3. കഥാചിത്രമതിൽ നിർമാണം**

കുട്ടികൾക്ക് വളരെയധികം താൽപ്പര്യമുണ്ടാകുന്ന ഒരു കഥ തെരഞ്ഞെടുത്ത് ചുറ്റുമതിലിൽ ചിത്രീകരിക്കുന്നു. മതിൽ അവസാനിക്കുന്നിടത്ത് ചിത്രകഥയും അവസാനിക്കുന്നു. എൽ.പി.ക്ലാസ്സ് മുതലുള്ള കുട്ടികൾക്ക് സംഭാഷണമെഴുതൽ, അടിക്കുറിപ്പ് നൽകൽ, കഥാപൂരണം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്ക്

ചിത്രമതിൽ ഉപയോഗിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിദ്യാലയവികസന പദ്ധതിയുടെ ചുമതലയുള്ള കമ്മിറ്റി |

**4. ജൈവവൈവിധ്യ ഉദ്യാനം വിപുലീകരണം**

ഔഷധോദ്യാനം, ശലഭോദ്യാനം, നക്ഷത്രവനം എന്നിവ വിപുലീകരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ഓരോ ക്ലാസ്സിന്റെയും പാഠഭാഗങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു. ജൈവവൈവിധ്യ രജിസ്റ്റർ വിപുലീകരിക്കുന്നു. ഓരോ ക്ലാസ്സിന്റെയും പഠനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾക്ക് അനുബന്ധം കാണുക.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | ചുമതലയുള്ള അധ്യാപിക |

**5. ശാന്തിസ്ഥൽ**

സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ സഹായത്തോടെ Rare, threatened and endangered species ൽപ്പെട്ട സസ്യങ്ങൾ ഉൾപ്പെടുത്തി ശാന്തിസ്ഥൽ എന്ന പ്രത്യേക പദ്ധതി നടപ്പിലാക്കുന്നു. ജൈവവൈവിധ്യ ഉദ്യാനത്തിന്റെ ഭാഗമാക്കി മാറ്റാൻ കഴിയുന്ന ശാന്തിസ്ഥൽ ജൈവവൈവിധ്യം, ജൈവവൈവിധ്യ സംരക്ഷണം, ജീവലോകത്തെ പരസ്പരാശ്രയത്വം തുടങ്ങിയവയുമായി ബന്ധപ്പെട്ട വസ്തുതകൾ പഠിക്കുന്നതിന് ഉപയോഗിക്കുന്നു. ക്ലാസ്സ് തിരിച്ചുള്ള മറ്റ് പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധം കാണുക.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | ബയോഡൈവേഴ്സിറ്റി ക്ലബ്ബ് കോർഡിനേറ്റർ |

**6. ക്ലാസ്സ് മുറികൾക്കും കെട്ടിടങ്ങൾക്കും പേര് നൽകൽ**

ഓരോ ക്ലാസ്സ് മുറികൾക്കും ഓരോ വിഭാഗത്തിൽ പ്രശസ്തരായവരുടെ (സാഹിത്യകാരന്മാർ, സ്വാതന്ത്ര്യസമര സേനാനികൾ, ശാസ്ത്രജ്ഞർ, പരിസ്ഥിതി

പ്രവർത്തകർ, കലാകാരന്മാർ തുടങ്ങിയ വിഭാഗങ്ങൾ) പേരുകൾ നൽകുന്നു. ഇതിനായി ഓരോ ക്ലാസ്സിലും പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും പേരുകളുടെ ലിസ്റ്റ് ശേഖരിക്കുന്നു. ബിൽഡിങ് ബ്ലോക്കുകൾക്ക് ഇത്തരം പ്രവർത്തനമേഖലകളുമായി ബന്ധപ്പെട്ട പേരുകൾ നൽകുന്നു.(വിദ്യാർത്ഥികളിൽ നിന്നും ശേഖരിക്കാം)

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിദ്യാലയവികസന പദ്ധതിയുടെ ചുമതലയുള്ള കമ്മിറ്റി |

# 7. വിദ്യാലയത്തിന്റെ സവിശേഷ പ്രവർത്തനങ്ങൾ

**ഉപലക്ഷ്യങ്ങൾ**

1. പ്രത്യേക ശ്രദ്ധ ആവശ്യമായ കുട്ടികൾക്ക് വേണ്ട പ്രത്യേക പഠനപ്രവർത്തനങ്ങൾ ഐ.ടി.സാധ്യത ഉപയോഗിച്ച് രൂപകൽപ്പന ചെയ്യൽ

2. പ്രാദേശിക വിദഗ്ധരുടെ സേവനം വഴി വിവിധ വിഷയമേഖലകളിൽ കുട്ടികൾക്ക് അറിവ് നിർമിക്കാൻ അവസരം നൽകുന്നതിന്

3. വായന പ്രോത്സാഹിപ്പിക്കുന്നതിനും കുട്ടികളുടെ ഗാർഹിക പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും

4. മാർക്കറ്റുമായി ബന്ധപ്പെട്ട് ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിലുള്ള പഠനപ്രവർത്തനങ്ങളിൽ താൽപ്പര്യപൂർവ്വം ഏർപ്പെടാൻ കുട്ടികൾക്ക് അവസരം നൽകുന്നതിനും സാമ്പത്തികലാഭമുള്ള നിർമാണപ്രവർത്തനങ്ങളിൽ കുട്ടികൾക്ക് നൈപുണ്യം സൃഷ്ടിക്കുന്നതിനും

5. രക്ഷിതാക്കളും അധ്യാപകരുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ ശ്രദ്ധ ഉറപ്പു വരുത്തുന്നതിനും

6. ഗോത്രവിഭാഗം കുട്ടികളുടെ ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ബ്രിഡ്ജിങ് നടത്തുന്നതിന്

7. പത്താം തരം വിദ്യാർത്ഥികൾക്കും തെരഞ്ഞെടുക്കപ്പെട്ട ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും വിവിധ വിഷയങ്ങളുടെ പഠനത്തിനായുള്ള സങ്കേതങ്ങൾ, പഠനശൈലികൾ എന്നിവ പരിചയപ്പെടുത്തുന്നതിനും പഠനത്തിനുള്ള ഉൽപ്രേരണ സൃഷ്ടിക്കുന്നതിനും

**പ്രവർത്തനങ്ങൾ**

### 1. സ്കൂൾ മാർക്കറ്റ്

വിദ്യാർത്ഥികൾ തയ്യാറാക്കുന്ന ലോഷനുകൾ, സോപ്പുകൾ, മുള കൊണ്ടുള്ള കരകൗശലവസ്തുക്കൾ, മറ്റു കരകൗശലവസ്തുക്കൾ എന്നിവയും പ്രാദേശികമായി ഗോത്രവിഭാഗങ്ങളുടെ സഹായത്തോടെ ശേഖരിക്കുന്ന തേൻ, മുളയരി തുടങ്ങിയ വനവിഭവങ്ങളും ശരിയായി ഒരു റൂമിൽ ക്രമീകരിക്കുന്നു. ആഴ്ചയുടെ അവസാനം വൈകിട്ട് 4 മണി മുതൽ സ്കൂൾ മാർക്കറ്റ് നടത്തുന്നു. ഓരോ വിൽപ്പനവസ്തുക്കൾക്കും കുട്ടികൾ തന്നെ ലേബലിങ് നടത്തുന്നു. വിലവിവരപ്പട്ടിക തയ്യാറാക്കുന്നു. ലാഭം, ഡിസ്കൗണ്ട്, ശതമാനം തുടങ്ങിയ ആശയങ്ങൾ സ്വായത്തമാക്കുന്നതിന് സ്കൂൾ മാർക്കറ്റ് ഉപയോഗിക്കുന്നു. കൂടാതെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് അക്ഷരങ്ങൾ,

ചിഹ്നങ്ങൾ, സംഖ്യാബോധം തുടങ്ങിയവ ഉറയ്ക്കുന്നതിനും ഈ പ്രവർത്തനങ്ങൾ വഴി സാധിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിദ്യാലയവികസന പദ്ധതിയുടെ ചുമതലയുള്ള കോർഡിനേഷൻ കമ്മിറ്റി |

**2. ശ്രദ്ധ - സ്കൂൾ ഡയറി**

രക്ഷിതാക്കളും അധ്യാപകരും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായി ശ്രദ്ധ എന്ന പേരിൽ സ്കൂൾ ഡയറി കലണ്ടർ ഫോൾഡറിൽ പ്രിന്റ് ചെയ്ത് നൽകുന്നു. അധ്യാപകരും രക്ഷിതാക്കളും തമ്മിൽ കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനപുരോഗതി, പഠനനിർദ്ദേശങ്ങൾ, അസൈൻമെന്റുകൾ, ലീവ്, സ്കൂളിൽ നടക്കുന്ന സവിശേഷ പരിപാടികൾ, ക്യാമ്പുകൾ തുടങ്ങിയവ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിന് സ്കൂൾ ഡയറി ഉപയോഗിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ | വിഷയത്തിന്റെ അധ്യാപിക |

**3. അധ്യാപകരുടെ വർക്ക് ഷീറ്റ് നിർമാണ ശിൽപ്പശാല**

ഓരോ വിഷയത്തിലും വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികൾക്കിണങ്ങുന്ന വർക്ക്ഷീറ്റുകൾ ഐ.സി.ടി.സാധ്യത ഉപയോഗപ്പെടുത്തി തയ്യാറാക്കാൻ സ്കൂളിലെ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുന്നു. വിവിധ പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നതിന് വർക്ക് ഷീറ്റുകൾ ഉപയോഗിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ | വിദ്യാലയവികസന പദ്ധതിയുടെ ചുമതലയുള്ള കോർഡിനേഷൻ കമ്മിറ്റി |

**4. 'ഒരുക്കം' സഹവാസ ക്യാമ്പുകൾ**

പത്താം തരം വിദ്യാർത്ഥികൾക്കും തെരഞ്ഞെടുക്കപ്പെട്ട ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും വിവിധ വിഷയങ്ങളുടെ പഠനത്തിനായുള്ള സങ്കേതങ്ങൾ, പഠനശൈലികൾ എന്നിവ പരിചയപ്പെടുത്തുന്നതിനും പഠനത്തിനുള്ള ഉൾപ്രേരണ

സൃഷ്ടിക്കുന്നതിനും ഒരുക്കം എന്ന പേരിലുള്ള പ്രത്യേക ക്ലാസുകൾ പത്താം തരത്തിലുള്ള വിദ്യാർത്ഥികൾക്കും നാലാംതരത്തിലും ഏഴാം തരത്തിലുമുള്ള വിദ്യാർത്ഥികൾക്കും നൽകുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | എസ്.ആർ.ജികൾ |

**5. ഗോത്രഭാഷാ നിഘണ്ടു**

ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ബ്രിഡ്ജിങ് നടത്തുന്നതിനുമായി പണിയ, കാട്ടുനായ്ക്ക എന്നീ പ്രാക്തന ഗോത്രവിഭാഗങ്ങളുടെ നിത്യോപയോഗവസ്തുക്കൾ, ക്രിയാപദങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട വാക്കുകളും അവയുടെ തുല്യമായ മലയാള പദങ്ങളും ഉൾപ്പെടുത്തി ഗോത്രഭാഷാ നിഘണ്ടു തയ്യാറാക്കുന്നു. ഇവ എൽ.പി.ക്ലാസ്സുകളിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് പഠനപ്രവർത്തനം നൽകുമ്പോൾ ബ്രിഡ്ജിങ്ങിനായി ഉപയോഗിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- ജൂലൈ | ഗോത്രബന്ധു അധ്യാപകർ |

**6. വായനാമുറ്റങ്ങൾ**

വിശദാംശങ്ങൾക്ക് ഭാഗം 5 ൽ സമഗ്രപിന്തുണയിലൂന്നിയ അക്കാദമികപ്രവർത്തനങ്ങൾ കാണുക.

**7. അതിഥിക്കൊപ്പം അരമണിക്കൂർ ക്ലാസ്സുകൾ**

വിശദാംശങ്ങൾക്ക് ഭാഗം 5 ൽ സമഗ്രപിന്തുണയിലൂന്നിയ അക്കാദമികപ്രവർത്തനങ്ങൾ കാണുക.

# പ്രവർത്തനങ്ങളുടെ നടത്തിപ്പും മോണിറ്ററിങ്ങും

ആസൂത്രണം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്കൂൾ ഹെഡ്മാസ്റ്റർ, സീനിയർ അസിസ്റ്റന്റ്, എസ്.ആർ.ജി.കൺവീനർമാർ എന്നിവരുടെ നേതൃത്വത്തിൽ കൃത്യമായ മോണിറ്ററിങ് നടത്തുന്നു. ഓരോ പ്രവർത്തനത്തിനും ചുമതലയുള്ള അധ്യാപകർ പ്രവർത്തനം നടത്തേണ്ട സമയങ്ങളിൽ കൃത്യമായ ആസൂത്രണം നടത്തി സഹപ്രവർത്തകരുടെ സഹായത്തോടെ അവ നടപ്പിലാക്കുന്നു. അക്കാദമിക മികവിനായുള്ള ഭൗതിക സാഹചര്യപ്രവർത്തനങ്ങൾ, സമയബന്ധിതമായി നടപ്പിലാക്കേണ്ട അക്കാദമിക പ്രവർത്തനങ്ങൾ, സമൂഹത്തിൽ നിന്നും ആവശ്യമായതും സമൂഹത്തിന് ഗുണകരമായതുമായ അക്കാദമിക പ്രവർത്തനങ്ങൾ, സ്കൂളിന്റെ സാമൂഹിക പ്രവർത്തനങ്ങൾ എന്നിവയുടെ നടത്തിപ്പ് പി.ടി.എ, എസ്.എം.സി, എഡ്യൂക്കേഷൻ വൊളണ്ടിയർ ഗ്രൂപ്പുകൾ, മുനിസിപ്പാലിറ്റി എന്നിവയുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു.

ഹ്രസ്വകാല പ്രവർത്തനങ്ങൾ(1-7 മാസം). മധ്യകാല പ്രവർത്തനങ്ങൾ (1 വർഷം വരെ), ദീർഘകാല പ്രവർത്തനങ്ങൾ (1 വർഷത്തിനു മുകളിൽ) എന്നിവ വാർഷിക പ്രവർത്തന കലണ്ടർ, പ്രതിമാസ പ്രവർത്തന കലണ്ടർ എന്നിവയിൽ കൃത്യമായി രേഖപ്പെടുത്തി സമയബന്ധിതമായി നടപ്പിലാക്കുന്നു. എസ്.ആർ.ജികൾ, പി.ടി.എ.യോഗങ്ങൾ എന്നിവയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ നടത്തിപ്പ് വിലയിരുത്തുന്നു. സമയോചിതമായ മാറ്റങ്ങൾ നിർദ്ദേശിച്ച് പരിഷ്കരിക്കുകയും ചെയ്യുന്നു.

***********************************

**അനുബന്ധം-**

1. ജൈവവൈവിധ്യഉദ്യാനവുമായി ബന്ധപ്പെട്ട്, ഓരോ ക്ലാസ്സിലെയും പഠനനേട്ടങ്ങൾ ആർജിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ
2. സ്കൂൾ സ്കെച്ച്

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ / മൂല്യങ്ങൾ മനോഭാവങ്ങൾ | പ്രവർത്തനങ്ങൾ | ജൈവ വൈവിധ്യ ഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| വ്യത്യസ്ത ജീവികൾക്ക് വ്യത്യസ്ത രീതിയിലുള്ള പാർപ്പിടങ്ങൾ ഉണ്ട് | നിരീക്ഷണം താരതമ്യം വർഗ്ഗീകരണം | കുളം, പക്ഷിക്കൂട്, എന്നിവ നിരീക്ഷിക്കുന്നു. | കുളം, പ്രാവിൻ കൂട്, പക്ഷിക്കൂടുകൾ, വിവിധ തരം ജീവികളുടെ ആവാസമാകുന്ന സസ്യങ്ങൾ |
| കരയിലെപ്പോലെ വെള്ളത്തിലും ജീവികളുണ്ട് | നിരീക്ഷണം | കുളത്തിലെ ജീവികളെ നേരിട്ട് നിരീക്ഷിക്കുന്നു. | ജലത്തിലും കരയിലും ജീവിക്കുന്ന ചെറുമീനുകൾ, ഞണ്ട്, ഗപ്പി, ആമ്പൽ, ജലസസ്യങ്ങൾ. |
| നമുക്കുചുറ്റും വിവിധ തരം പൂക്കൾ, പഴങ്ങൾ, സസ്യങ്ങൾ എന്നിവയുണ്ട്. | നിരീക്ഷണം സവിശേഷതകൾ കണ്ടെത്തുന്നു | വിവിധ തരം സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ ഓരോ സവിശേഷതകളും തിരിച്ചറിയുന്നു. | തുമ്പപ്പൂക്കൾ, ആമ്പൽ,പിച്ചകം, പാല, ചെമ്പരത്തി, ചെത്തി, ഇലഞ്ഞി, തുടങ്ങിയവ. |

| | | | |
|---|---|---|---|
| ▪ വ്യത്യസ്ത നിറം, വലുപ്പം, ആകൃതി, മണം എന്നിവ ഉള്ള പൂക്കൾ തിരിച്ചറിയൽ.<br>▪ പൂന്തോട്ടത്തിൽ വരുന്ന ജീവികളെ തിരിച്ചറിയൽ. | ▪ നിരീക്ഷണം<br>▪ താരതമ്യം<br>▪ സവിശേഷതകൾ കണ്ടെത്തുന്നു. | പൂന്തോട്ടത്തിലെ വ്യത്യസ്ത ഇനം പൂക്കൾ നിരീക്ഷിക്കുന്നു.<br>കുളത്തിലെ പൂക്കൾ നിരീക്ഷിക്കുന്നു. | വിവിധ തരം പൂക്കൾ, കുളം, ശലഭപാർക്ക്. |
| മണ്ണിനടിയിൽ വിളവുണ്ടാകുന്നതും മണ്ണിനു മുകളിൽ വിളവുണ്ടാകുന്നതുമായ സസ്യങ്ങൾ ഉണ്ട്. | ▪ നിരീക്ഷണം<br>▪ താരതമ്യം<br>▪ വർഗ്ഗീകരണം | ഉദ്യാനത്തിലെ മണ്ണിനടിയിൽ വളരുന്ന വിളകൾ പറിച്ചുനോക്കുന്നു. മുകളിൽ വിളവുണ്ടാകുന്നവ നിരീക്ഷിക്കുന്നു. | ചേമ്പ്, ചേന, കാച്ചിൽ, ഇഞ്ചി, മഞ്ഞൾ, കച്ചോലം, ഇഞ്ചിമാങ്ങ, മലയിഞ്ചി, കപ്പ, ക്യാരറ്റ്, ബീറ്റ്റൂട്ട് etc.<br>മത്തൻ, കുമ്പളം, വെള്ളരി, വെണ്ട, പയർ, മുരിങ്ങക്കായ etc. |

എൽ.പി തലം, ക്ലാസ്സ് – 2

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| ജലസംരക്ഷണത്തിന്റെ പ്രാധാന്യം | മഴവെള്ള സംഭരണി നിരീക്ഷണം, മുച്ചട്ടി അരിപ്പ, മഴപ്പന്തൽ, നിരീക്ഷണം | മഴവെള്ള സംഭരണി, മഴപ്പന്തൽ, എന്നിവ നിരീക്ഷിക്കൽ, മുച്ചട്ടി അരിപ്പ നിർമ്മാണം. | മഴവെള്ള സംഭരണി, മഴപ്പന്തൽ, മുച്ചട്ടി അരിപ്പ |
| ഔഷധികൾ, വള്ളിച്ചെടികൾ, കുറ്റിച്ചെടികൾ (വിത്ത്, തണ്ട്, ഇല, വേര് ഇവ നട്ടുണ്ടാക്കുന്ന സസ്യങ്ങളാണ്) | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം<br>▪ താരതമ്യം | സസ്യങ്ങളുടെ വിവിധ ഭാഗങ്ങൾ നട്ട് പുതിയ സസ്യങ്ങൾ ഉണ്ടാകുന്നു എന്ന തിരിച്ചറിയുന്നു. | **വിത്ത്**<br>വെണ്ട, പയർ, പാവൽ, പടവലം, മല്ലി, മത്തൻ, കുമ്പളം, വഴുതന, തക്കാളി, മുളക് etc<br>**തണ്ട്**<br>തെച്ചിനി, കോവൽ, കരിമ്പ്, ചെത്തി, ചെമ്പരത്തി, മുരിങ്ങ, റോസ, ഗന്ധരാജൻ etc<br>**ഇല**<br>ഇലമുളച്ചി, നിശാഗന്ധി<br>**വേര്**<br>കറിവേപ്പ്, കടപ്ലാവ് |
| സസ്യത്തിന്റെ വിവിധ ഭാഗങ്ങൾ ഭക്ഷണത്തിനായി ഉപയോഗിക്കാം. | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം<br>▪ താരതമ്യം | ഭക്ഷണത്തിനായി ഉപയോഗിക്കുന്ന സസ്യങ്ങളെ നിരീക്ഷിക്കുന്നു. | വാഴ, മുരിങ്ങ, ചീര, മത്തൻ, കോളിഫ്ളവർ, കപ്പ, ചേന, ചേമ്പ്, ക്യാരറ്റ്, ഉള്ളിപ്പുല്ല് |

| | | | |
|---|---|---|---|
| സസ്യങ്ങൾ കൊണ്ട് ധാരാളം ഉപയോഗങ്ങൾ ഉണ്ട്. സസ്യങ്ങൾക്ക് വിവിധ ഭാഗങ്ങൾ ഉണ്ട് അവയ്ക്ക് വ്യത്യസ്തതകൾ ഉണ്ട് | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | പരിസരം നിരീക്ഷിച്ച് സസ്യങ്ങളുടെ പേരുകൾ തരം തിരിച്ച് പട്ടികപ്പെടുത്തുന്നു. | വിവിധ സസ്യങ്ങൾ: ഇഞ്ചി, വെളുത്തുള്ളി, കറിവേപ്പില, ജീരകം, കുരുമുളക്, റോസാപ്പൂവ്, തുളസി, പാവൽ വെണ്ട, പയർ, തെങ്ങ്, പേര, മാവ്, ആമ്പൽ, കാച്ചിൽ, താമര |
| ഇലകൾ, നിറം, ഗുണം എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | വിവിധ സസ്യങ്ങളുടെ ഇലകൾ നിരീക്ഷിച്ച് നിറം, ഗുണം ആകൃതി എന്നിവയുടെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നു. | വിവിധയിനം സസ്യങ്ങൾ വാഴ, തെങ്ങ്, ഇലമുളച്ചി, പനിക്കൂർക്ക, തുളസി, മഞ്ഞൾ, മുരിങ്ങ, പന, ചീര, ഇഞ്ചി. |
| ആഹാരത്തിനും വരുമാനത്തിനുമായി ചില സസ്യങ്ങൾ നാം നട്ടു വളർത്തുന്നു. | ▪ വർഗ്ഗീകരണം | ആഹാരത്തിനുപയോഗിക്കുന്നവ, നാണ്യവിളകൾ എന്നിവ പട്ടികപ്പെടുത്തുന്നു, പരിപാലിക്കുന്നു. | ചേന, ചേമ്പ്, കാച്ചിൽ, ക്യാരറ്റ്, ബീറ്റ്റൂട്ട്, തുടങ്ങിയ പച്ചക്കറികൾ.<br>കുരുമുളക്, ഏലം, ഇഞ്ചി, ജാതി, ഗ്രാമ്പു, കൊക്കോ തുടങ്ങിയവ. |
| ചില സസ്യങ്ങൾ, ജന്തുക്കൾ എന്നിവ ജലത്തിൽ വളരുന്നു | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം<br>▪ താരതമ്യം | ജലത്തിലും കരയിലും വളരുന്ന സസ്യങ്ങൾ ജന്തുക്കൾ, എന്നിവയെ വിവിധ സന്ദർഭങ്ങളിൽ നിരീക്ഷിച്ച് താരതമ്യം ചെയ്യുന്നു | ആമ്പൽ, താമര, ആഫ്രിക്കൻ പായൽ, അസോള, തവള, ആമ, ചെറുമീനുകൾ, കരയിൽ വളരുന്ന വിവിധ സസ്യങ്ങൾ, ജന്തുക്കൾ. |

എൽ.പി തലം. ക്ലാസ്സ് - 3

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ, മൂല്യങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| പൂക്കളുടെ മണം, നിറം, വലിപ്പം, ആകൃതി ഇവ വ്യത്യസ്തമായിരിക്കും. മണം കൊണ്ട് പൂക്കളെ തിരിച്ചറിയാം. ഇലകളുടെ ആകൃതി, മണം എന്നിവയറിഞ്ഞ് സസ്യങ്ങളെ തിരിച്ചറിയാം. | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം<br>▪ നിഗമനത്തിലെത്തൽ | ഉദ്യാനത്തിലെ വിവിധ തരം പൂക്കൾ നിരീക്ഷിക്കുകയും | ജമന്തി, തുളസി, ചെത്തി, ചെമ്പരത്തി, റോസ, ചെമ്പകം, ആമ്പൽ, ശംഖുപുഷ്പം, ബൊഗയിൻവില്ല, കോളാമ്പി, കാക്കപ്പൂവ്, നന്ത്യാർവട്ടം, താമരമല്ലി മുതലായവ. |
| ചെറിയ ചെടികൾ, വള്ളിച്ചെടികൾ, മരങ്ങൾ തുടങ്ങി വിവിധ തരത്തിലുള്ള സസ്യങ്ങളാണ് നമുക്ക് ചുറ്റുമുള്ളത്. | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | സസ്യങ്ങൾ നിരീക്ഷിച്ച് വള്ളിച്ചെടികൾ മരങ്ങൾ, ചെറു ചെടികൾ എന്നിങ്ങനെ തിരിക്കുന്നു. | മരങ്ങൾ. പ്ലാവ്, മാവ്, ആഞ്ഞിലി, തേക്ക്, ബദാം, തുടങ്ങിയവ.<br>കൊക്കോ, ചെത്തി, ചെമ്പരത്തി, റോസ<br>ഇഴവള്ളികൾ പാവൽ, കോവൽ, പയർ, മത്തൻ, കുമ്പളം, പീച്ചിൽ, പടവലം, തുടങ്ങിയവ |

| | | | |
|---|---|---|---|
| സസ്യങ്ങൾക്ക് വ്യത്യസ്ത തരത്തിലുള്ള വേരുകൾ ഉണ്ട് | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | തായ് വേരുള്ള സസ്യങ്ങളെയും നാരുവേരുള്ള സസ്യങ്ങളെയും തിരിച്ചറിയുന്നു. | നെല്ല്, ഗോതമ്പ്, കരിമ്പ്,പുല്ല്, രാമച്ചം, തെരുവപ്പുല്ല്, പച്ചക്കറികൾ, തുമ്പ, കൈയ്യുന്ന്യം മുതലായവ |
| ▪ വിവിധ തരത്തിലുള്ള സസ്യങ്ങൾ ചുറ്റുപാടുമുണ്ടെന്ന് തിരിച്ചറിയുന്നു.<br>▪ സസ്യത്തിന് വിവിധ ഭാഗങ്ങൾ ഉണ്ടെന്നും ഇവയ്ക്ക് ഓരോന്നിനും പ്രത്യേക ധർമ്മങ്ങൾ ഉണ്ടെന്നും വിവിധഭാഗങ്ങൾ ഭക്ഷണത്തിനായി ഉപയോഗിക്കുന്നുണ്ടെന്നും തിരിച്ചറിയുന്നു. | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം<br>▪ നിഗമനം | ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് ലിസ്റ്റ് ചെയ്യൽ | തെങ്ങ്, തുമ്പ, ചെമ്പരത്തി, മുല്ല, പ്ലാവ്, മാവ്, തുളസി, ചെമ്പരത്തി, മുല്ല, മഷിത്തണ്ട്, മരച്ചീനി, ചീര,ചേന, കോളിഫ്ളവർ, ചേമ്പ് , |

| | | | |
|---|---|---|---|
| വിത്ത് മുളക്കുന്നതിന് വിവിധ ഘട്ടങ്ങൾ ഉണ്ട്. | ▪ വിത്ത് മുളപ്പിക്കൽ<br>▪ നിരീക്ഷണം | വിവിധ വിത്തുകൾപാകി മുളപ്പിക്കുന്നു. | മാങ്ങയണ്ടി, തേങ്ങ, പയർ |
| ജലം ശുദ്ധീകരിക്കുന്നതിന് നിരവധി മാർഗ്ഗങ്ങളുണ്ട് | ▪ നിരീക്ഷണം | മുച്ചട്ടി അരിപ്പ നിർമ്മാണം | മലിനജലത്തെ ശുദ്ധീകരിക്കാൻ മുച്ചട്ടി അരിപ്പയുടെ തത്വം ഉപയോഗിച്ചു നിർമ്മിച്ച സംവിധാനങ്ങൾ |
| പ്രകൃതിയിൽ നിരവധി ചിത്രശലഭങ്ങൾ ഉണ്ട്. വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്ന ചിത്രശലഭങ്ങൾ ഉണ്ട്.<br>പൂമ്പാറ്റകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു<br>പൂമ്പാറ്റകൾ സംരക്ഷിക്കപ്പെടേണ്ടവയാണ് | ▪ നിരീക്ഷണം<br>▪ നിഗമനം<br>▪ ആശയവിനിമയം | ചിത്രശലഭങ്ങളെ നിരീക്ഷിക്കുന്നു. പേരുകൾ കണ്ടെത്തുന്നു. ചിത്രശലഭ പാർക്ക് നിർമ്മാണത്തിൽ പങ്കെടുക്കുന്നു. | വിവിധയിനം ചിത്രശലഭങ്ങൾ, ശലഭങ്ങളുടെ ആഹാരത്തിനുള്ള സസ്യങ്ങൾ, രൂപാന്തരണത്തിന് ആവശ്യമായ സസ്യങ്ങൾ |
| ജലശുദ്ധീകരണം, ജല സംരക്ഷണം | ▪ നിരീക്ഷണം | മഴവെള്ള സംഭരണി നിർമ്മാണം. | മഴവെള്ള സംഭരണി ഇല്ലി, രാമച്ചം ഇവകൊണ്ടുള്ള ജൈവവേലി. |

എൽപി തലം. ക്ലാസ്സ് - 4

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ, മൂല്യങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| ജീവികൾ കരയിൽ ജീവിക്കുന്നവ, ജലത്തിൽ ജീവിക്കുന്നവ, കരയിലും ജലത്തിലും ജീവിക്കുന്നവ എന്നിങ്ങനെയുണ്ട്. | ▪ നിരീക്ഷണം<br>▪ വർഗീകരണം | കുളം നിർമ്മാണം, വയൽ നിർമ്മാണം | കുളം, വയൽ, തവള, മീൻ, ഞണ്ട്, ഞവിണിക്ക, വെള്ളത്തിൽ പാറ്റ, ആമ. |
| ജലത്തിൽ ജീവിക്കുന്ന ജീവികൾക്ക് ജലജീവിതത്തിനനുയോജ്യമായ സവിശേഷതകൾ ഉണ്ട് | ▪ നിരീക്ഷണം | കുളം, അക്വേറിയം എന്നിവ നിരീക്ഷിച്ച് ജലജീവികളുടെ പ്രത്യേകത കണ്ടെത്തുന്നു. | കുളം<br>അക്വേറിയം |
| ഒരു ജീവിക്ക് അതിന്റെ വാസസ്ഥലത്ത് ജീവിക്കാൻ സഹായിക്കുന്ന അനുകൂലനങ്ങൾ ഉണ്ടായിരിക്കും | ▪ നിരീക്ഷണം<br>▪ പട്ടികപ്പെടുത്തൽ | പരിസരത്തെ ജീവികളെ വിവിധ സന്ദർഭങ്ങളിൽ നിരീക്ഷിക്കുന്നു. | ശലഭപ്പാർക്ക്, കുളം |
| നമുക്കു ചുറ്റും പലതരം പക്ഷികൾ ഉണ്ട്. പക്ഷികളുടെ കൂടുകൾ വൈവിധ്യമുള്ളവയാണ് | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | പക്ഷികൾക്ക് കൂടൊരുക്കൽ, പക്ഷികൾക്ക് വെള്ളപ്പാത്രം ഒരുക്കൽ. | പക്ഷിക്കൂട്, പക്ഷിക്ക് വെള്ളപാത്രം, വിവിധ ഭക്ഷണ സാമഗ്രികൾ, മരങ്ങൾ. |

| | | | |
|---|---|---|---|
| ജാലികാസിരാവിന്യാസമുള്ള സസ്യങ്ങളുടെ വേരുപടലം തായ് വേരുപടലമാണ്<br><br>സമാന്തരസിരാ വിന്യാസമുള്ള സസ്യങ്ങളുടെ വേരുപടലം നാരുവേരുപടലമാണ്<br><br>വിത്തിനുള്ളിൽ ഒരു ബീജപത്രം മാത്രമുള്ള സസ്യങ്ങളാണ് ഏകബീജസസ്യങ്ങൾ<br><br>വിത്തിനുള്ളിൽ രണ്ട് ബീജപത്രമുള്ള സസ്യങ്ങളാണ് ദ്വിബീജ പത്ര സസ്യങ്ങൾ | ▪ നിരീക്ഷണം<br>▪ നിഗമനം<br>▪ വർഗ്ഗീകരണം | വിവിധ തരം സസ്യങ്ങൾ നിരീക്ഷിച്ച് സിരാവിന്യാസം വേരുപടലത്തിന്റെ പ്രത്യേകത ഇവ തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്തുക.<br>വിവിധ സസ്യങ്ങളുടെ വിത്ത് നിരീക്ഷിക്കുന്നതിലൂടെ ബീജപത്രങ്ങളുടെ എണ്ണവും സിരാവിന്യാസവും വേരുപടലവും തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു. | മുള, ഗോതമ്പ്, ഇഞ്ചി ,വാഴ, മഞ്ഞൾ, മാവ്, പ്ലാവ്, ചെമ്പരത്തി, ആവണക്ക്, ഗ്രാമ്പു.<br><br>വിവിധ തരം വിത്തുകൾ<br>പയർ , നെല്ല്, കടല, നിലക്കടല, വാളംപുളി, കശുമാവ്, തെങ്ങ്, കവുങ്ങ്. |

| | | | |
|---|---|---|---|
| സസ്യങ്ങളുടെ തണ്ട്, വേര്, ഇല, പൂവ്, കായ് എന്നീ ഭാഗങ്ങൾ ആഹാരത്തിനായി ഉപയോഗിക്കുന്നു. | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | ഭക്ഷണത്തിനായി ഉപയോഗിക്കുന്ന വിവിധ സസ്യ ഭാഗങ്ങൾ നിരീക്ഷിക്കുന്നു, പട്ടികപ്പെടുത്തുന്നു. | മരച്ചീനി, ക്യാബേജ്, ക്യാരറ്റ്, ബീറ്റ്റൂട്ട് മധുരക്കിഴങ്ങ്, റാഡിഷ്, കരിമ്പ്, ചേന, ചേമ്പ്, വാഴ, ചീര, മത്തൻ, നെല്ല്, ഗോതമ്പ്, ചോളം, ബാർളി, ഓട്ട്സ്, കുമ്പളം, പടവലം,കോളിഫ്ളവർ |
| സസ്യങ്ങളിൽ നിന്നും സുഗന്ധവ്യഞ്ജനങ്ങളും ഔഷധങ്ങളും ലഭിക്കുന്നു | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | ഔഷധ സസ്യങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ സവിശേഷതകൾ കണ്ടെത്തുന്നു. | കുരുമുളക്, ഇഞ്ചി, ഗ്രാമ്പൂ, മഞ്ഞൾ, ഏലം, കറിവേപ്പില, ആടലോടകം, പനിക്കൂർക്ക, ആര്യവേപ്പ്, തൊട്ടാവാടി, കുറുന്തോട്ടി. |
| സസ്യങ്ങളിൽ വാതകവിനിമയം നടക്കുന്നത് ആസ്യരന്ധ്രങ്ങളിലൂടെയാണ്. | ▪ നിരീക്ഷണം<br>▪ നിഗമനം | വെയിലത്തു നിൽക്കുന്ന ചേമ്പില, വെറ്റില എന്നിവയുടെ ആസ്യരന്ധ്രങ്ങൾ മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കുന്നു. | ചേമ്പ്, വെറ്റില |

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ, മൂല്യങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| സസ്യങ്ങൾക്ക് വ്യത്യസ്ത രീതിയിലുള്ള ഇലവിന്യാസം കാണാം | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | വിവിധ സസ്യങ്ങൾ നിരീക്ഷിച്ച് വ്യത്യസ്ത രീതിയിലുള്ള ഇലവിന്യാസം തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു. | ചെമ്പരത്തി, തുമ്പ, കാപ്പി. ഏഴിലംപാല, അരളി |
| പരാദ സസ്യങ്ങൾ അർദ്ധപരാദം പൂർണ്ണ പരാദം ശവോപജീവികൾ | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | എപ്പിഫൈറ്റുകൾ , പൂർണ്ണപരാദം, അർദ്ധ പരാദം എന്നിവ നിരീക്ഷിക്കുന്നു. ഓർക്കിഡേറിയം നിർമ്മാണത്തിൽ പങ്കാളിയാകുന്നു. | ഓർക്കിഡേറിയം , മരവാഴ,ഇത്തിൾക്കണ്ണി, മൂടില്ലാത്താളി, ചന്ദനം |
| ഇഴവള്ളികൾ, താങ്ങുവേരുകൾ, പൊയ്ക്കാൽ വേരുകൾ, ശ്വസനവേരുകൾ | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം<br>▪ നിഗമനം | വിവിധ സസ്യങ്ങളിൽ വ്യത്യസ്ത ഇനം വേരുകൾ നിരീക്ഷിച്ച് വൈവിധ്യം, ധർമ്മം എന്നിവ തിരിച്ചറിയുന്നു | കുരുമുളക് , പടവലം, പാവൽ,മത്തൻ, മധുരക്കിഴങ്ങ്, മേന്തോന്നി, കൊടങ്ങൽ, സ്ട്രോബറി, ആറ്റുകൈത, മണിപ്ലാന്റ് , മുന്തിരി, കോവൽ |
| സസ്യലോകത്തെ വൈവിധ്യം | ▪ നിരീക്ഷണം<br>▪ അളക്കൽ<br>▪ വിവരശേഖരണം | ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ, സംരക്ഷണമാർഗ്ഗങ്ങൾ നിർദ്ദേശിക്കൽ | ജൈവവൈവിധ്യ ഉദ്യാനം |
| ഊർജ്ജ ആവശ്യങ്ങൾക്ക് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തണം. | ▪ നിരീക്ഷണം | പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ നിരീക്ഷിക്കുന്നു. നിർമ്മാണത്തിൽ പങ്കെടുക്കുന്നു. | സൗരോർജ്ജ പാനൽ, കാറ്റാടി യന്ത്രം , ബയോഗ്യാസ് പ്ലാന്റ്. |
| ജലം അമൂല്യമാണ്. അത് സംരക്ഷിക്കണം. വിവിധ ജലസംരക്ഷണ മാർഗ്ഗങ്ങൾ | ജലസംരക്ഷണമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും പ്രാവർത്തികമാക്കുവാനും കഴിയുന്നു. | ജലസംരക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | മഴക്കുഴി, കയ്യാല, തടങ്ങൾ, മഴവെള്ള സംഭരണി. പടുതാക്കുളം. |
| സസ്യങ്ങളുടെ വിവിധഭാഗങ്ങൾ പ്രജനനത്തിനായി ഉപയോഗിക്കുന്നു | ▪ നിരീക്ഷണം<br>▪ പരീക്ഷണം<br>▪ നിഗമനം | വിവിധ കായികഭാഗങ്ങൾ പ്രജനനം നടത്തുന്ന സസ്യങ്ങളെ നിരീക്ഷിക്കുന്നു. നട്ടുവളർത്തുന്നു | മരച്ചീനി, മുരിങ്ങ, ഇലമുളച്ചി, നിലപ്പന, നിശാഗന്ധി |
| വിത്ത് വിതരണത്തിനായുള്ള അനുകൂലനങ്ങൾ | ▪ നിരീക്ഷണം<br>▪ നിഗമനം | വിവിധ അനുകൂലനങ്ങൾ തിരിച്ചറിയുന്നു. | അപ്പൂപ്പൻതാടി, ആൽ, പ്ലാവ്, പേര, വെണ്ട, കാശിത്തുമ്പ, സ്നേഹപ്പുല്ല്, പഞ്ഞിക്കായ്, നെല്ല്. |

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ, മൂല്യങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യ ഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| സാമൂഹിക ശുചിത്വം | ▪ പരിസര ശുചീകരണ പ്രവർത്തനങ്ങൾ. | മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. | ബയോഗ്യാസ് പ്ലാന്റ്, വെർമിവാഷ് തുടങ്ങിയവ മാലിന്യ സംസ്കരണ സാധ്യതകൾ. |
| പ്രാണികൾ, മത്സ്യങ്ങൾ, ഉഭയജീവികൾ, ഉരഗങ്ങൾ, പക്ഷികൾ | ▪ പക്ഷിനിരീക്ഷണം<br>▪ പരിസര നിരീക്ഷണം | വിവിധ സന്ദർഭങ്ങളിൽ മുട്ടയിടുന്ന ജീവികളെ നിരീക്ഷിച്ച് വർഗ്ഗീകരിക്കുന്നു. | കുളം, പക്ഷികൾക്കുള്ള ആഹാരം, വെള്ളം കൂട്. |
| പൂർണ്ണ രൂപാന്തരണം, അപൂർണ്ണരൂപാന്തരണം. | | ഫീഡിംഗ്പ്ലാന്റ് ബ്രീഡിംഗ് പ്ലാന്റ് നട്ടുപിടിപ്പിക്കൽ | ശലഭോദ്യാനം |
| ജൈവ വൈവിധ്യ സംരക്ഷണം | ▪ നിരീക്ഷണം<br>▪ തീരുമാനം എടുക്കൽ<br>▪ ആശയവിനിമയം | ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ | ജൈവ വൈവിധ്യ ഉദ്യാനം |

യു.പി. തലം. ക്ലാസ്സ് - 6

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ, മൂല്യങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| പൂക്കളുടെ വിവിധ ഭാഗങ്ങൾ | ■ നിരീക്ഷണം<br>■ വർഗ്ഗീകരണം | വിവിധ പൂക്കൾ പരിശോധിച്ച് അവയുടെ ഓരോ ഭാഗങ്ങൾ തിരിച്ചറിയുന്നു. | വിവിധ തരം പൂക്കൾ . ചെമ്പരത്തി, മന്ദാരം , പാവൽ , പടവലം, കോവൽ. |
| പൂക്കളിലെ വൈവിധ്യം ഏകലിംഗ പുഷ്പങ്ങൾ, ദ്വിലിംഗ പുഷ്പങ്ങൾ | ■ നിരീക്ഷണം<br>■ വർഗ്ഗീകരണം | വിവിധ പൂക്കൾ നിരീക്ഷിക്കുന്നു. ഏകലിംഗ പുഷ്പങ്ങൾ,ദ്വിലിംഗ പുഷ്പങ്ങൾ | മത്തൻ, പാവൽ, പടവലം, കോവൽ, ചെമ്പരത്തി തുടങ്ങിയ വിവിധയിനം പൂക്കൾ. |
| സ്വപരാഗണം, പരപരാഗണം എന്നീ ആശയങ്ങൾ വിശദീകരിക്കാൻ കഴിയുന്നു. | ■ നിരീക്ഷണം<br>■ നിഗമനം | ഷഡ്പദങ്ങൾ പരാഗണം നടത്തുന്നവ നിരീക്ഷിക്കുന്നു | ശലഭപാർക്ക് ,വിവിധയിനം പൂച്ചെടികൾ |
| പരാഗണകാരി,(പ്രാണികൾ , പക്ഷികൾ, കാറ്റ്, ജലം, ജന്തുക്കൾ) | ■ നിരീക്ഷണം<br>■ വർഗ്ഗീകരണം<br>■ നിഗമനം | വിവിധ സന്ദർഭങ്ങളിൽ പ്രാണികൾ പരാഗണം നടത്തുന്നത് നിരീക്ഷിക്കുന്നു. | ജൈവ വൈവിധ്യ ഉദ്യാനം |
| കൃത്രിമ പരാഗണം | ■ നിരീക്ഷണം<br>■ ആർജ്ജിത അറിവ് പുതിയ സാഹചര്യത്തിൽ പ്രയോഗിക്കാൻ കഴിയുന്നു | കൃത്രിമ പരാഗണം നടത്തുകയും പരിശോധിക്കുകയും ചെയ്യുന്നു | ജൈവ വൈവിധ്യ ഉദ്യാനം |

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ, മൂല്യങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യ ഉദ്യാനത്തിൽ എന്തൊക്കെ ഉണ്ടാകണം |
|---|---|---|---|
| ഒവ്യൂകൾ വിത്തായി മാറുന്നു അണ്ഡാശയം ഫലമായി മാറുന്നു. | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം | പരാഗണത്തിനു ശേഷം പൂവിനുണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിച്ച് ഏതുഭാഗമാണ് ഫലമാകുന്നത് എന്ന് കണ്ടെത്തുന്നു. | മത്തൻ, പാവൽ, പടവലം, കോവൽ, വെള്ളരി, തുടങ്ങിയ സസ്യങ്ങൾ |
| ശലഭോദ്യാനം | ▪ പൂന്തോട്ടം സംരക്ഷിക്കുന്നു<br>▪ പൂക്കൾ, പക്ഷികൾ, പ്രാണികൾ, ശലഭങ്ങൾ തുടങ്ങിയവയോട് സഹഭാവം പ്രകടിപ്പിക്കുന്നു. | ശലഭങ്ങളെ ആകർഷിക്കുന്നതിനുള്ള സസ്യങ്ങളെ നട്ടുവളർത്തുന്നു. | ശലഭോദ്യാനം |
| ജീവികളുടെ നിലനിൽപിന് ആവശ്യമായ ജീവിയ, അജീവിയ ഘടകങ്ങൾ ,ഭക്ഷ്യ ശൃംഖല | ▪ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>▪ നിരീക്ഷണം<br>▪ പട്ടികപ്പെടുത്തൽ<br>▪ നിഗമനം | കുളം നിർമ്മാണം. ആവാസ വ്യവസ്ഥകൾ സന്ദർശിച്ച് ജീവിയ, അജീവിയ ഘടകങ്ങൾ പട്ടികപ്പെടുത്തുന്നു. അക്വാപോണിക്സ് നിർമ്മാണം | ജൈവ വൈവിധ്യ ഉദ്യാനം |

| വിനിമയം ചെയ്യപ്പെടേണ്ട ആശയങ്ങൾ | പ്രക്രിയാ ശേഷികൾ. കൃത്യങ്ങൾ | പ്രവർത്തനങ്ങൾ | ജൈവവൈവിധ്യ ഉദ്യാനത്തിൽ ഏതൊക്കെ ഉണ്ടാകണം |
|---|---|---|---|
| കായിക പ്രജനനം, ലൈംഗിക പ്രത്യുൽപാദനം, സംയോജിത കൃഷിരീതി,ഇടവിളകൃഷി, വിളപര്യായം, ജൈവവളം, കീടനിയന്ത്രണം,ജലസേചനം | ▪ നിരീക്ഷണം<br>▪ വർഗ്ഗീകരണം<br>▪ നേടിയ ആശയങ്ങളുടെ പ്രയോഗം<br>▪ ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശാസ്ത്രത്തിന്റെ രീതി പ്രയോജനപ്പെടുത്തൽ. | ഉദ്യാനത്തിലെ സസ്യങ്ങളിൽ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ്, ചെയ്യുന്നു. വിവിധ തരത്തിലുള്ള ചെടികൾ നട്ട് പരിപാലിക്കുന്നു. | പച്ചക്കറികൾ , ചെമ്പരത്തി, ചെത്തി മുതലായ പൂച്ചെടികൾ ,മണ്ണിരകമ്പോസ്റ്റ്, കുളം,മഴവെള്ള സംഭരണി,അക്വാപോണിക്. |
| **നൈട്രജൻ സ്ഥിരീകരണം** | ▪ നിരീക്ഷണം | പയർവർഗ്ഗത്തിൽപ്പെട്ട ചെടികളുടെ വേരുകൾ നിരീക്ഷിക്കുന്നു. | പയർ, തുവര, തൊട്ടാവാടി, കൊഴിഞ്ഞിൽ |
| നാടൻ സസ്യങ്ങളും സങ്കരയിനം സസ്യങ്ങളും തമ്മിൽ വ്യത്യാസങ്ങളുണ്ട്. | ▪ നിരീക്ഷണം<br>▪ നിഗമനം | ഒരേ സസ്യത്തിൽപെട്ട നാടൻ ഇനങ്ങളും സങ്കരയിനങ്ങളും നട്ടുനോക്കുന്നു. | സസ്യത്തിന്റെ നാടൻ ഇനങ്ങൾ സങ്കരയിനങ്ങൾ |
| സസ്യഭാഗങ്ങൾ സൂചകമായി ഉപയോഗിക്കാം. മണ്ണിന്റെ പി.എച്ച് മൂല്യം | ▪ **ബദൽ സാധ്യതകൾ കണ്ടെത്തൽ**<br>▪ **പരീക്ഷണങ്ങളിൽ ഏർപ്പെടൽ** | സസ്യ ഭാഗങ്ങളിൽ നിന്നും സൂചകങ്ങൾ കണ്ടെത്തുന്നു. | ചെമ്പരത്തി, മഞ്ഞൾ,വയലറ്റ് ക്യാബേജ്,ശംഖുപുഷ്പം, പതിമുഖം,ബീറ്റ്റൂട്ട്, തേക്ക്, അരിപ്പൂവ്,ഹൈഡ്രാഞ്ചിയ. |
| ജലശുദ്ധീകരണം ജലസംരക്ഷണം | ▪ നിരീക്ഷണം<br>▪ നേടിയ ആശയങ്ങളുടെ പ്രയോഗം<br>▪ നിഗമന രൂപീകരണം | **കുളം, മഴവെള്ള സംഭരണി, ജലശുദ്ധീകരണം, എന്നിവയുടെ നിർമ്മാണത്തിലും പരിപാലനത്തിലും പങ്കാളിയാകൽ.** | കുളം, മഴവെള്ള സംഭരണി, മലിനജലം അരിച്ചെടുക്കുന്ന സംവിധാനം(ജൈവവേലി, മഴക്കുഴി,രാമച്ചം,ഇല്ലിവെച്ചുപിടിപ്പിക്കൽ) |

## ജൈവവൈവിധ്യ ഉദ്യാനവും മലയാള ഭാഷാ പഠനവും

പൂന്തോട്ടത്തിലെ വിവിധതരം പൂക്കളെയും ജീവജാലങ്ങളെയും ഉൾപ്പെടുത്തി കവിത, സംഭാഷണം, കഥ, നാടകം തുടങ്ങിയ വ്യവഹാരരൂപങ്ങൾ രൂപീകരിക്കാം.

വാഴകൃഷിയുമായി ബന്ധപ്പെട്ട് നിലം ഒരുക്കുന്നതുമുതൽ വിളവെടുക്കുന്നതുവരെ വിവിധ ഘട്ടങ്ങൾ ചേർത്ത് കുറിപ്പ് തയ്യാറാക്കാം.

മണ്ണിനടിയിലും മുകളിലും ഉണ്ടാകുന്ന വിളവുകളെക്കുറിച്ച് കടങ്കഥ തയ്യാറാക്കാം.

**കടങ്കഥ**

ഉദാ: കാളകിടക്കും കയറോടും - മത്തൻ

അടി തളിക, നടുവടി, മേൽകുട - ചേന

പച്ചക്കറികളെക്കുറിച്ചുള്ള കൂടുതൽ കടങ്കഥകൾ കണ്ടെത്താൻ ജൈവവൈവിധ്യ ഉദ്യാനം പ്രയോജനപ്പെടുത്താം.

കഥ, കവിത, കടങ്കഥ, ആത്മകഥ, സംഭാഷണം, കുറിപ്പ് തുടങ്ങിയ വ്യവഹാരൂപങ്ങൾ രൂപീകരിക്കാൻ ജൈവവൈവിധ്യ ഉദ്യാനം പ്രയോജനപ്പെടുത്താം.

ഉദാ: മത്തന്റെ ആത്മകഥ

- വെണ്ടയും പടവലവും - സംഭാഷണം etc
- അണ്ണാനും വാഴയും - കഥ
- മത്തൻ പാവലിനോട് എന്തൊക്കെ പറഞ്ഞിരിക്കാം - കുറിപ്പ്

കൃഷിരീതി, കീടങ്ങൾ, കൃഷി ആയുധങ്ങൾ, വിവിധതരം കൃഷികൾ, വളപ്രയോഗം, കൃഷി സ്ഥലം ഇത്തരത്തിലുള്ള

കാര്യങ്ങൾ ജൈവവൈവിധ്യ ഉദ്യാനത്തിൽ നിന്ന് മനസ്സിലാക്കി കുറിപ്പ് തയ്യാറാക്കുക.

കവിതകൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിനും വർണ്ണന, സംഭാഷണം, ആസ്വാദനക്കുറിപ്പ് എന്നീ വ്യവഹാരരൂപങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിനും ജൈവവൈവിധ്യ ഉദ്യാനം ഉപകരിക്കും.

## ജൈവവൈവിധ്യ ഉദ്യാനവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ

- ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ
- സ്കൂൾ പരിസരത്ത് ജൈവ വൈവിധ്യത്തിലുണ്ടായ മാറ്റങ്ങൾ തിരിച്ചറിയുക,രേഖപ്പെടുത്തുക

  പുതിയതായി വന്ന ശലഭങ്ങൾ പക്ഷികൾ , സസ്യജാലങ്ങൾ, ജലജീവികൾ,മണ്ണിലുണ്ടായ മാറ്റം തുടങ്ങിയവ)
- പക്ഷി നിരീക്ഷണം

  തൂവൽ ശേഖരണം
- മണ്ണിരക്കമ്പോസ്റ്റ് വ്യാപിപ്പിക്കുക

  വീട് മറ്റ്സ്ഥാപനങ്ങൾ
- മഴവെള്ള സംഭരണി സ്ഥാപിച്ചതിനുശേഷം മോട്ടോർപമ്പ് ഉപയോഗിക്കുന്ന സമയത്തിലുണ്ടായ കുറവ് കണ്ടെത്തൽ
- ഉദ്യാനത്തിൽ വന്ന ഓരോ ശലഭത്തെയും തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുക.
- ഉദ്യാനത്തിലെ ഏകലിംഗ പുഷ്പങ്ങൾ, ദ്വിലിംഗ പുഷ്പങ്ങൾ പട്ടിക തയ്യാറാക്കുക.

- ഉദ്യാനത്തിലെ നാരുവേരു പടലം , തായ് വേര് പടലം , സമാന്തര വിന്യാസം, ജാലികാ സിരാവിന്യാസം, ഏകബീജപത്രം, ദ്വിബീജ പത്രം എന്നിവയുടെ തരം തിരിച്ച് പട്ടിക തയ്യാറാക്കുന്നു.
- ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് ,ലയറിംഗ് എന്നിവ വീടുകളിൽ പ്രാവർത്തികമാക്കുന്നു.
- ഓരോ ശലഭങ്ങളെയും തിരിച്ചറിഞ്ഞ് അവയുടെ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു.
- ശലഭങ്ങളുടെ ജീവിത ചക്രം നിരീക്ഷിക്കുന്നു.
- ഉദ്യാനത്തിലെ മണ്ണിന്റെ പി.എച്ച് മൂല്യം ഇടവിട്ട് പരിശോധിക്കുന്നു.
- ചെടികൾ തിരിച്ചറിഞ്ഞ് പൂവിടുന്ന സമയം, കാലം എന്നിവ രേഖപ്പെടുത്തുക.
- ചെടികളുടെയും പച്ചക്കറികളുടെയും കാലാവധി നിർണ്ണയിച്ച് രേഖപ്പെടുത്തുക
- സസ്യങ്ങളിലെ കായികപ്രജനനം,ലൈംഗികപ്രജനനം, എന്നിവ തരം തിരിച്ച് രേഖപ്പെടുത്തുക.

  (വേര്, തണ്ട്,ഇല, കായ്)
- ഔഷധ സസ്യങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ ഗുണങ്ങൾ കണ്ടെത്തുക.
- വിവിധ ഫലവർഗ്ഗങ്ങളെ തരംതിരിക്കുക(ലഘുഫലം, പുഞ്ജഫലം, കപടഫലം തുടങ്ങിയവ)
- രാത്രിയിൽ ഉറങ്ങുന്ന സസ്യങ്ങൾ, രാത്രിയിൽ വിരിയുന്ന പൂക്കൾ ,പകൽ വിരിയുന്ന പൂക്കൾ ഇവയുടെ വ്യത്യാസം കണ്ടെത്തുക.
- പുതിയ ജലസംരക്ഷണമാർഗ്ഗങ്ങൾ കണ്ടെത്തുക.
- സസ്യങ്ങളുടെ നടീൽ സമയം കണ്ടെത്തി പട്ടിക രേഖപ്പെടുത്തുക.
- ഓരോ കാലത്തിലും സസ്യങ്ങൾക്കുണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിക്കുക.